Jaya Keralam, May 30, 1959

ഡോക്ടരും ഭാര്യയും

മേജർ എം. എ. പടിയത്ത്;
നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം;
പേജ്: 257, വില: 3 ക.

പലതിന്റെയും പശ്ചാത്തലത്തിൽ എഴുതപ്പെട്ടിട്ടുള്ള പല നോവലുകളും നമുക്കുണ്ടല്ലോ. അതുപോലെ "വൈദ്യശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ എഴുതിയിട്ടുള്ള ഈ ഗ്രന്ഥം" ഒരു അതിരുവരെ കൊള്ളാം. "മലയാളത്തിൽ തികച്ചും പുതിയതാണ് ഈ രീതി" എന്നു പ്രസാധകർ അവകാശപ്പെടുന്നതു് ശരിയാണ് എന്നു തോന്നുന്നു.

"ആ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള സംഗതികളെല്ലാം യഥാർത്ഥസംഭവങ്ങളെ അടിസ്ഥാനമാക്കി എഴുതിയിട്ടുള്ളതാണ്. പക്ഷെ അവ നടന്നതു് ഈ ഗ്രന്ഥത്തിൽ പറയുന്ന സ്ഥലങ്ങളിലല്ല, കഥാപാത്രങ്ങൾ ഇതിൽ പറഞ്ഞിട്ടുള്ളവരുമല്ല. തൊപ്പി നല്ല പാലെ പാകമുള്ളവർ ധാരാളം കാണും" എന്നു ഗ്രന്ഥകാരൻ പറഞ്ഞിട്ടുള്ളതിനോട് നാമെല്ലാം യോജിക്കും. പുസ്തകം വായിച്ചു പോകവേ, ഇതിലെ പല സംഭവങ്ങളും പാത്രങ്ങളും, സമുദായത്തിന്റെ മേൽത്തട്ടിനെ മാത്രം ഏറിയ കുറും ബാധിക്കുന്നവയെങ്കിൽ കൂടി, നമ്മളിൽ ഓരോരുത്തരുടേയും പരിചയസീമയിൽ, ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ, പെട്ടവയാണെന്നു തോന്നിപ്പോകും. അമ്മാതിരി സംഭവങ്ങളേയും പാത്രങ്ങളേയും, മന:ശാസ്ത്രവിദഗ്ദ്ധൻകൂടിയാ ഒരു ഭിഷഗ്വരൻ എങ്ങിനെ നോക്കിക്കാണുന്നുവെന്നതാണ് ഈ ഗ്രന്ഥത്തിലെ പ്രധാന പ്രമേയം.

പൊതുവെ പറഞ്ഞാൽ എല്ലാ നോവലുകളിലും കണ്ടെത്താറുള്ള പ്രേമവും നൈരാശ്യവും ആകസ്മികസമാഗമവും എല്ലാം ഇതിലുമുണ്ട്. പക്ഷെ, ഒരു വ്യത്യാസം മാത്രം. ആ വ്യത്യാസമാണുതാനും ഇതിനെ മററുള്ളവയിൽനിന്നു് വേർതിരിച്ചു നിറുത്തുന്നതും. അമ്മാതിരി സന്ദർഭങ്ങളിൽ ഒരു ഡാക്ടരുടെ സഹായങ്ങൾ എത്രത്തോളം ഉപയോഗപ്രദമാകും എന്നുള്ളതാണ്, ആ വ്യത്യാസം. അതായതു് ആ വ്യത്യാസം ഒഴിച്ചുനിറുത്തിയാൽ, ഒരു നോവലിന്നു വേണ്ടതായ മററു എല്ലാ 'ഉപദംശ'ങ്ങളും ഇതിൽ ഉൾക്കൊണ്ടിട്ടുണ്ടെന്നു് പറയാൻ വിഷമമായിരിക്കും. പല ഭാഗങ്ങളും ഒരുതരം 'ശ്ലോകപ്പടി' ആയിട്ടുണ്ടെന്നു് സാരം.

ഒരു ഡോക്ടർ ചാക്കോവാണ് ഇതിലെ തിരിക്കുറ്റി. അയാളുടെ ചുററും സംഭവങ്ങളും മററു പാത്രങ്ങളും കറങ്ങിത്തിരിയുന്നു. അവയാണെങ്കിലോ അയാളുടെ ജീവിതത്തിലേക്കു് യാദൃച്ഛികമായി കയറിവരുന്നവയും — വൈദ്യവിദ്യയിൽ വൈദഗ്ധ്യം നേടാനുള്ള അയാളുടെ ഒരേ ഒരു ത്വര കാരണം. അതേ സമയം പതറിച്ചയില്ലാത്ത ഒരു ആദർശവാദിയുമാണ്, അയാൾ. അതുകാരണം, അയാൾക്കു് തന്റെ തൊഴിലിൽ വിജയം കൈവരികയും ചെയ്യുന്നു. ഒരു കുടുംബവൈദ്യനെന്ന നിലയ്ക്കു് അയാൾക്കു് തന്റെ സ്ഥാനം സുസ്ഥിരമാക്കാനും കഴിഞ്ഞു. കാരണം, രോഗത്തേക്കാൾ രോഗിയെ ആണ് ചികിത്സിക്കേണ്ടതെന്ന സിദ്ധാന്തമായിരുന്നു, അയാളുടേതു്.

ഡാക്ടർ ചാക്കോവിന്റെ വാക്കുകളിലൂടെ ഗ്രന്ഥകാരൻ ചികിത്സാസമ്പ്രദായത്തെപ്പറ്റി പല പൊതുതത്വങ്ങളും വൈദ്യലോകത്തിൽ കാണുന്ന — നമുക്കും അനുഭവപ്പെട്ടവതന്നെ, വല്ലപ്പോഴും നാമും രോഗിയായിക്കാണുമല്ലോ — പല വങ്കത്തങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. അവയിൽ ചിലതു ഉദ്ധരിക്കാതിരിക്കാൻ മനസ്സുവരുന്നില്ല:

"ചികിത്സ ഒരു ശാസ്ത്രമല്ല; നേരെ മറിച്ച് ഒരു കലയാണെന്നും ഒരു കലയെ കൈകാര്യംചെയ്യുന്നതുപോലെ വേണം അതിൽ ഏർപ്പെടേണ്ടതെന്നും എത്ര പേർ ധരിച്ചിട്ടുണ്ട്?"

"ഒരു വൈദ്യന്റെ ജോലി ലാഭത്തിനുള്ള കച്ചവടമായിക്കരുതുന്നതിലാണ് വലിയ പ്രമാദം. അതു് ഒരു പരിശുദ്ധ ട്രസ്റ്റ് ആയിട്ടുവേണം ഗണിക്കുവാൻ."

"സ്പെഷ്യലിസ്റ്റിനെ സംബന്ധിച്ചിടത്തോളം അയാൾ ചികിത്സിക്കുന്ന സുഖക്കേടാണ് രോഗിക്കുള്ളതു് എന്ന രീതിയിലാണ് ....ഇന്നു് അവർ രോഗിയുടേയും മരുന്നുനിർമ്മാണശാലകളുടേയും ഇടയ്ക്കു് നില്ക്കുന്ന മൂന്നാമൻ മാത്രമാണ്."

"കുടുംബഡാക്ടർക്കേ ഒരു രോഗിക്കു പൂർണ്ണാശ്വാസം നല്കാൻ സാധിക്കൂ. അയാൾക്കു മാത്രമേ രോഗിയേയും രോഗിയുടെ പരിസരത്തേയും അയാളുടെ കുടുംബകാര്യങ്ങളേയും ശരിയായി അറിഞ്ഞുകൂടൂ."

"25 വയസ്സുള്ളപ്പോൾ.....വയറ്റിൽവേദനക്കു് ഓപ്പറേഷൻകഴിക്കുകയും അതേസമയത്തു 'അപ്പന്റിക്സ്' എടുത്തുകളയുകയും ചെയ്തിട്ടുണ്ടായിരുന്നുവെന്നു് ഓപ്പറേഷനു് അല്പം മുമ്പാണ് മനസ്സിലായതു്. അതറിഞ്ഞ ശേഷം 'ഗാൾബ്ളാഡറി' (പിത്തനീർസഞ്ചി)ന്നാണ് കേടെന്നു് ആ ഡാക്ടർ അഭിപ്രായപ്പെട്ടുവത്രെ!"

"എന്റെ പശു കളവുപോയെന്നു് ആവലാതിപ്പെടാൻ അബദ്ധത്തിൽ പോലീസ് സ്റ്റേഷനു് തൊട്ടടുത്തുള്ള ഡിസ്പെൻസറിയിൽ കയറിച്ചെന്ന ചെട്ടിക്കു ഡോക്ടർ ദിവസം മൂന്നുനേരം കഴിക്കാൻ മരുന്നു നിർദ്ദേശിച്ചു."

ഇങ്ങിനെ പലതും പുസ്തകത്തിൽ അവിടവിടെ കാണാം.

"കൂട്ടുകുടുംബത്തിൽ ഭർത്താവു്, ഭാര്യാഗൃഹത്തിൽ ചെല്ലുണം. ഭാര്യ ഭർത്തൃഭവനത്തിൽ ചെന്നു താമസിക്കുകയില്ല"—ഈ പ്രസ്താവന ചോദ്യമർഹിക്കുന്നുവെന്നു തോന്നുന്നു. കൂട്ടുകുടുംബം എന്നതുകൊണ്ടു് മരുമക്കത്തായസമ്പ്രദായം എന്നായിരിക്കുമോ വിവക്ഷ?

'കൃത്രിമഅന്തർജ്ജനം' എന്ന അദ്ധ്യായം നമ്മുടെ നാട്ടിനെ സംബന്ധിച്ചിടത്തോളം നടക്കാവുന്നതോ? അങ്ങിനെ നടന്നിട്ടുണ്ടോ? — അങ്ങിനെയുണ്ടെങ്കിൽ, ഇതെഴുതുന്ന ആളെ സംബന്ധിച്ചിടത്തോളം ഒരു പുതിയ അറിവാണ്.

അവസാനംവരെ വായനക്കാരന്റെ ശ്രദ്ധയെ പിടിച്ചുനിറുത്താനുള്ള കഴിവു് ഈ നോവലിനുണ്ട്. അതുമാത്രം പോരല്ലോ. നടെപ്പറഞ്ഞപോലെ, മററു പലതും കൂടി വേണ്ടേ?

— പിൻ

കവിതകൾ വാരിയെല്ലുകൾ

എൻ. പി. മുഹമ്മദ്.
പ്രസാധകർ: കറന്റ്ബുക്സ്, തൃശ്ശൂർ.
വില 1.75.

ആകപ്പാടെ 95 പേജുകളുള്ള ഈ പുസ്തകത്തിൽ അഞ്ചു ചെറുകഥകളും ഗ്രന്ഥകാരൻ വിശദീകരണമെന്ന രൂപത്തിൽ ചേർത്തിട്ടുള്ള ഒരു അനുബന്ധവും ഉൾപ്പെടുന്നു. ചെറുകഥകളെന്ന പേരിൽ ആർക്കും എന്തും എഴുതിക്കൂട്ടാനുള്ള സ്വാതന്ത്ര്യമുണ്ട്. അതിനെ നിയന്ത്രിക്കുന്നതിനു് പ്രത്യേകിച്ചു് അംഗീകൃതമായിട്ടുള്ള തത്വങ്ങളോ മാനദണ്ഡങ്ങളോ ഉണ്ടെന്നു് പറഞ്ഞുകൂടാ. എങ്കിലും വേദാന്തികൾ "നേതി" "നേതി" എന്നു പറയാറുള്ളതുപോലെ ചെറുകഥയെ സംബന്ധിച്ചു് ചില സങ്കല്പങ്ങൾ സാഹിത്യത്തിൽ സ്വീകരിക്കുവാൻ സാഹിത്യചിന്തകന്മാർ വൈമനസ്യം കാണിക്കുന്നില്ല എന്നു പറയാം. സഹൃദയരായ വായനക്കാർക്കു് ഇന്നു പലപ്പോഴും ചെറുകഥകൾ വായിക്കുമ്പോൾ അസംതൃപ്തിയാണ് അവശേഷിക്കുന്നതു്. ഇതുപോലെയുള്ള ഒരു അസംതൃപ്തി ശ്രീ. മുഹമ്മദിന്റെ കഥകൾ വായിച്ചപ്പോൾ എനിക്കും തോന്നി. കഥാകൃത്തിനു് ഉള്ള മാതിരി ആവേശമൊന്നുംതന്നെ ആ കഥകൾവഴി വായനക്കാരനിലേക്കു പകരുവാൻ സാധിച്ചിട്ടില്ല എന്നുള്ളതാണാ പരമാർത്ഥം. വികാരത്തെ കഥകളെന്ന ഉപാധി സ്വീകരിച്ചു പകരുവാനാണ് ശ്രമിച്ചിരിക്കുന്നതു്. ഉപാധിയെ കലാസുഭഗമായി സംവിധാനം ചെയ്യാൻ സാധിക്കാത്തതിനാൽ അദ്ദേഹത്തിൻെറ ലക്ഷ്യം വിജയിക്കാതെപോയി. വിരസങ്ങളായ വിവരണങ്ങളും ആകർഷകമല്ലാത്ത ശൈലിയും ഈ പരാജയത്തിനു താങ്ങായിട്ടുനില്ക്കുന്നതു് ഏതു കഥയിലും കാണാൻ കഴിയും. "രാത്രിയുടെ ചിറകുകൾ" എന്ന കഥയൊഴിച്ചു് മറ്റെല്ലാ കഥകളും ഇതിനു് സാക്ഷ്യംവഹിക്കുന്നുണ്ട്. ഈ പുസ്തകത്തിന്റെ 'അനുബന്ധ'ത്തിൽ കിഴവനും കഴുതയും എന്ന പഴങ്കഥയെ അനുസ്മരിച്ചു് കഥാകൃത്തുതന്നെ പറയുന്നു: "കാഥികൻ ഒരിക്കലും എല്ലാവരും പറയുന്നതനുസരിക്കുന്ന അച്ഛനും മകനും ആവാൻ പാടില്ല. കാഥികനൊരിക്കലും മററുള്ളവർക്കു് മുളയിന്മേൽ കെട്ടിപ്പേറിക്കൊണ്ടുപോകാൻ വഴങ്ങിക്കൊടുക്കുന്ന ഒരു ജന്തുവാകരുതു്." — വാസ്തവം. എന്നാൽ കാഥികൻ തനിക്കു് പറയുവാനുള്ളതു് വായനക്കാരനു് വിശ്വസിക്കാനും ആനന്ദിക്കുവാനും ഇടവരുന്നതരത്തിൽ പറയുവാൻ ശക്തൻ ആകുകകൂടി വേണ്ടേ?

— കോന്നിയൂർ നരേന്ദ്രനാഥ്

Jaya Keralam, June 13, 1959

ന്നാൽ ആ സൗന്ദര്യബോധവും കലാഭിരുചിയും അദ്ദേഹത്തിന്ന പ്രത്യേകമായിട്ടുള്ളതാകുന്നു. പ്രപഞ്ചസുഖങ്ങളെ അത്രയേറെ മാനിക്കുന്ന അദ്ദേഹം കടംവാങ്ങിയും നെയ്യുകുട്ടാൻ അനുശാസിക്കുന്ന ചാർവ്വാകനിൽനിന്നും അത്യന്തം വ്യത്യസ്തനാണ്. സംസ്കാരത്തിന്റെ ഉത്തമഫലങ്ങളായ സൗന്ദര്യബോധവും ധർമ്മബോധവും ഒമറിൽ സമ്പൂർണ്ണമായി വിലസിയിരുന്നു. ധർമ്മബോധാശ്ലിഷ്ടമായ അദ്ദേഹത്തിന്റെ മൃദുലഹൃദയം മണ്ണിൽപോലും ജീവിതവും ചൈതന്യവും ദർശിച്ചു.

For I remember stopping by the way
To watch a Potter thumping his
wet clay:
And with its all-obliterated Tongue
It murmur'd — "Gently, Brother,
Gently, pray!'

(ആലയിലകുശവനാർ
കളിമണ്ണു കുടമാക്കാൻ
വേലചെയ്യുന്നതും നോക്കി
നിന്നേനൊരിക്കൽ
നാവു തേഞ്ഞു മാഞ്ഞോരതു
കേണപേക്ഷിക്കയായ്:"അയ്യോ,
നോവുമെന്റെ പൊന്നനുജാ,
പതുക്കെയാട്ടെ!"

ഈ വരികൾ ഒമറിന്റെ ക്രാന്തദർശിത്വത്തെയും വിശാലഹൃദയത്വത്തെയും കാണിക്കുന്നു. ഹിംസാകല്മഷമല്ലാത്ത, സംസ്കാരസുന്ദരമായ, ഈ ജീവിതവീക്ഷണം അഭികാമ്യം തന്നെ.

ഒരു ചോദ്യം: ജീവിതമെന്നതു് കർമ്മജടിലമാണല്ലൊ. നൈഷ്കർമ്യത്തിന്റേതായ ഈ തത്വശാസ്ത്രം ഇന്നത്തെ ജീവിതസമരത്തിന്റെ മുമ്പിൽ എത്രത്തോളം വിലപ്പോകും? ശരിയാണതു്. ജീവിതപ്രശ്നങ്ങൾ ഇത്രത്തോളം സങ്കീർണ്ണമല്ലാതിരുന്ന പഴയ ഫ്യൂഡൽ വ്യവസ്ഥിതിയുടെ കാലത്തു് – എണ്ണൂറോളം കൊല്ലങ്ങൾക്കുമുമ്പു് ജീവിച്ച ഒരു കവിയുടെ വീക്ഷണമാണു് ഇതെന്നു നാം പ്രത്യേകം ഓക്കണം. ആ പരിതസ്ഥിതി മുമ്പിൽ വെച്ചുകൊണ്ടു പരിശോധിക്കുമ്പോൾ മാത്രമേ ഒമറിനോടു ആധുനികജീവിതവിമർശകർക്കു തികച്ചും നീതി പ്രവർത്തിപ്പാൻ കഴിയൂ. ഭാവിയെയും ഭൂതത്തെയും പറ്റി ഒമറിന്നു ഒന്നും തന്നെ പറവാനില്ല. ഭാവിയെ ഭയത്തോടും ഭൂതത്തെ ശോകത്തോടുംകൂടി നോക്കുന്ന അദ്ദേഹത്തിന്നു വർത്തമാനത്തോടു മാത്രമേ ബന്ധമുള്ളു. അതിനെ മാത്രമാണു് ആ പണ്ഡിതവൃദ്ധൻ ആസ്വദിക്കുന്നതും ആദരിക്കുന്നതും.

ഒമർ ഒരു മിസ്റ്റിക്ക്കവിയാണെന്നു വാദിക്കുന്ന ചിലരുണ്ടു്. എന്നാൽ വാസ്തവം അവരുടെ അഭിപ്രായത്തിൽനിന്നും എത്രയോ അകലത്താണു് സ്ഥിതിചെയ്യുന്നതു്. ഇത്രയും മഹാനായ ഒരു കവിയെ ക്ഷണികസുഖങ്ങളുടെ പിന്നാലെ പായുന്ന ഒരു 'ഇന്ദ്രിയാരാമ'നായി കാണുന്നതിൽ അസുഖമുള്ളവരാണു് അത്തരക്കാർ. അതുപോലെ അദ്ദേഹത്തെ ഭോഗലോലുപനായ ഒരു നാസ്തികനായി വീക്ഷിക്കുന്നവരുമില്ലായ്കയില്ല. എന്നാൽ അവരും വാസ്തവികതയുടെ വലയത്തിന്നപ്പുറത്തു നില്ക്കുന്നവരാണു്.

വിവർത്തനത്തെപ്പറ്റി. റുബായിയത്തിന്റെ വിവർത്തനത്തെ സംബന്ധിച്ചേടത്തോളം കൈരളി ഒട്ടും ദരിദ്രയല്ല. കൊള്ളാവുന്ന പല വിവർത്തനങ്ങളും നമുക്കുണ്ടായിട്ടുണ്ടു്. ജി.യുടെ ഈ വിവർത്തനം തന്നെ അതിന്റെ നാലാംപതിപ്പാണു്. ഈ പുതിയ പതിപ്പിൽ ആദ്യത്തേതിൽനിന്നു കുറെയൊക്കെ വ്യത്യാസം വരുത്തീട്ടുണ്ടു്. ഒറ്റവാക്കിൽപറഞ്ഞാൽ തർജ്ജമ സാമാന്യം സ്വതന്ത്രമായിരിക്കുന്നു. പദാനുപദതർജ്ജമയുടെ പാരമ്പര്യം പറഞ്ഞു നടക്കുന്നവർ വാസ്തവത്തിൽ മലയാളത്തിന്റെ മർമ്മമറിയാത്തവരാണു്. അടുത്ത കാലത്തു ചിലരെല്ലാംകൂടി നടത്തിയ ഒരു കസർത്തുവിദ്യ മാത്രമായിരുന്നു മലയാളത്തിലെ പദാനുപദതർജ്ജിമകൾ. നിരണംപണിക്കന്മാർ, എഴുത്തച്ഛൻ, ആശാൻ, കേരളപാണിനി തുടങ്ങിയ നമ്മുടെ എണ്ണപ്പെട്ട കവികളാരുംതന്നെ സ്വതന്ത്രവിവർത്തനത്തെയല്ലാതെ പദാനുപദപജ്ജമയെ ആദരിച്ചിട്ടില്ല. അതുകൊണ്ടു മൂലകൃതികളെ അത്രത്തോളം അക്ലിഷ്ടമായി വായനക്കാർക്കു പരിചയപ്പെടുത്താൻ അവർക്കു കഴിയുകയും ചെയ്തു. ആ ഒരു മെച്ചം തന്നെയാണു് ജി.യുടെ തർജ്ജമയിലും നാം കാണുന്നതു്. മിക്കവാറും ഒരു സ്വതന്ത്രകൃതിയുടെ മട്ടിൽതന്നെ വായനക്കാർക്കു് ഇതു് ആസ്വദിക്കാം.

നാ'മതു''മിതും' തിരവാൻ
നിരർത്ഥമാം വാദങ്ങളാൽ
ക്കാമം ദുർല്ലഭമാം കാലം
കളയാവൊല്ല.

(ഭാ. 37)

ഇതിലെ 'കളയാവൊല്ല' എന്നതു് 'കളയൊല്ല' എന്നാകുന്നതാണു് ഭേദം. ആദ്യത്തെതു അല്പം അപകടം പിടിച്ച പ്രയോഗമാണു്. 'Waste not your Hour' എന്ന മൂലഗ്രന്ഥത്തിന്നു് അധികം ഇണങ്ങിയതും രണ്ടാമത്തെ രൂപംതന്നെ. അതുപോലെ,

ആ മരുനിലവും പച്ച
പ്പാടവും വേർതിരിക്കുമീ
ശ്യാമളമാം പുൽത്തകിടിൽ
വന്നുകൂടുവിൻ!

എന്നതിലെ 'പുൽത്തകിടിൽ', 'പുൽത്തകിടിയിൽ' ആകണമെന്നു തോന്നുന്നു. നിർദ്ദേശികാരൂപം പുൽത്തകിടി എന്നാണു്. അതാണല്ലൊ മഹാകവി ഉള്ളൂർ

കാളിന്ദിയാറ്റിൻകരയിൽ
കണ്ണിന്നമൃതധാരയായ്
പരപ്പില്ലുണ്ടൊരാരോമൽ
പ്പച്ചപ്പുൽത്തകിടിപ്പുറം.

(അന്നും ഇന്നും)

എന്നു പ്രയോഗിച്ചിരിക്കുന്നതു്. ഇനി 'തകിടു'' എന്നാണു് നിർദ്ദേശികാരൂപമെന്നു വാദിക്കുകയാണെങ്കിൽതന്നെ അതിന്റെ ആധാരിക മലയാളശൈലിക്കനുസരിച്ചു് തകിടിൽ എന്നല്ല തകിട്ടിൽ എന്നാണാവുക.

— ജി. കെ. എൻ.

ബൽഗേറിയൻ നാടോടിക്കഥകൾ

സുഭദ്രാപരമേശ്വരൻ

പ്രസിദ്ധീകരണം: ജനതാ പ്രിൻടിംഗ് ആന്റ് പബ്ളിഷിംഗ് കമ്പനി പ്രൈവറ്റ് ലിമിറ്റഡ്, 6൯, ഏബൽസ്റോഡ്, മദിരാശി-5. വില : 75 ന.പ.

നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതിനുള്ള ഒരു പ്രത്യേക കഴിവു് മിക്കവാറും എല്ലാ നാടോടിക്കഥകൾക്കും കാണുന്നുണ്ടു്. രൂപഭദ്രതയെക്കുറിച്ചും ഭാവഭദ്രതയെക്കുറിച്ചും [...]ട്ടധികം ഒച്ചപ്പാടുണ്ടാക്കുന്ന ഇക്കാലത്തു് [...]ചിക്കപ്പെടുന്ന പല കഥകളെക്കാളും അവ നമ്മെ ആനന്ദിപ്പിക്കാറുണ്ടു്. ആർഭാടരഹിതമെങ്കിലും ആലോചനാമൃതങ്ങളാണു് മിക്കവയും. ബാല്യകാലത്തു് നാം കേട്ടിട്ടുള്ള പല നാടൻകഥകളും മറവിക്കു് പേരു കേട്ടിട്ടുള്ളവരെങ്കിലും ഇന്നും നാം ഓർമ്മിക്കാറുണ്ടു്. ഓർമ്മിച്ചു് രസിക്കാറുമുണ്ടു്. ഓരോ ദേശക്കാർക്കും അവരവരുടെതായ കഥകൾ ധാരാളമുണ്ടെന്നു് നമുക്കറിയാം. ആ കഥകളിൽനിന്നു് നാട്ടുനടപ്പുകളും ജനങ്ങളുടെ ജീവിതരീതികളും അവരുടെ ആദർശങ്ങളും മററും നമുക്കു് കാണാൻ സാധിക്കുന്നു. ഇങ്ങനെ പല കാരണങ്ങളാലും നാടോടിക്കഥകൾക്കു് പ്രാധാന്യം പറയാവുന്നതാണു്. ജനവിഭാഗങ്ങൾ തമ്മിൽ പരസ്പരം അറിയുന്നതിന്നു് സഹായിക്കാൻ കഴിവുള്ള ഒരു ഉപാധിയുമാണു് ഈ കഥകൾ. അന്യനാടുകളിലെ നല്ല കഥകൾ പരിചയപ്പെടുന്നതിനു് സന്ദർഭം ഉണ്ടാക്കുന്നതു് ഇക്കാരണത്താൽ സ്വാഗതാർഹമായ ഒരു സംഗതിയാണു്. ശ്രീമതി സുഭദ്രാപരമേശ്വരൻ നടത്തിയിരിക്കുന്നതു് അങ്ങിനെയുള്ള ഒരു പരിശ്രമമാണു്. അതു് വിജയിച്ചിട്ടുണ്ടെന്നു പറയുവാൻ സന്തോഷമുണ്ടു്. അതു വായിച്ചുകഴിഞ്ഞപ്പോൾ ഇത്തരം കഥകൾ കുറെക്കൂടെ ആകാമായിരുന്നു എന്നു തോന്നി. എത്രയെത്ര കഥകൾ കാണും ഇനിയും പറയുന്നതിനായിട്ടു്. അവകൂടി ഒന്നിച്ചു ചേർത്തു് ഈ പുസ്തകം കുറേക്കൂടി വിപുലമാക്കാമായിരുന്നു. നല്ല രീതിയിൽ, എഴുതിയിട്ടുള്ളതാണു് ഈ കൊച്ചുപുസ്തകത്തിലെ കഥകളെല്ലാം. കൗതുകം ഉണ്ടാക്കുന്ന ചിത്രങ്ങൾകൊണ്ടു് അവയ്ക്കു് മോടി കൂട്ടുവാൻ പ്രസിദ്ധീകരണക്കാർ ശ്രദ്ധിച്ചിട്ടുമുണ്ടു്. എല്ലാംകൊണ്ടും ഇതു വാങ്ങുന്ന ഒരാൾക്കു് അതിനുവേണ്ടി ചിലവഴിച്ച പണം ഒരു നഷ്ടമായെന്നു് ഒരിക്കലും തോന്നുകയില്ലെന്നു തീർച്ചതന്നെ. ഇത്തരത്തിലുള്ള കൂടുതൽ പ്രസിദ്ധീകരണങ്ങൾ ഉണ്ടാകുമെന്നു് നമുക്കു് പ്രതീക്ഷിക്കാം.

— കോന്നിയൂർ നരേന്ദ്രനാഥ്

—

Jaya Keralam, June 27, 1959 BR

എന്റെ മണ്ണു്

ചെറുകര പത്മനാഭപിള്ള
കറന്റ്ബുക്ക്സ് തൃശ്ശൂർ;
പേജ്: 139 + 4, വില: രണ്ടുറുപ്പിക.

കഴിഞ്ഞ ഒരു പതിനഞ്ചു കൊല്ലത്തിനിടയിൽ മലയാളത്തിൽ നല്ല കുറെ നാടകങ്ങൾ ഉണ്ടായിട്ടുണ്ടു്. പഴയ നാടകകർത്താക്കളിൽനിന്നു് ആണു് അവയൊക്കെ കിട്ടിയിട്ടുള്ളതെന്നും പറഞ്ഞുകൂടാ. മിടുക്കുള്ള പുതിയ എഴുത്തുകാർ കൈരളിക്കു് സമപ്പിച്ചിട്ടുള്ളവയാണു് മിക്കതും. സാമൂഹ്യപ്രശ്നങ്ങൾ, കുടുംബപ്രശ്നങ്ങൾ, രാഷ്ട്രീയപ്രശ്നങ്ങൾ എന്നിങ്ങനെയുള്ള വിപുലമായ വിഭാഗങ്ങളിൽ പെടുത്താവുന്ന സംഗതികളാണു് ഈ നാടകങ്ങളിലെല്ലാം കൈകാര്യം ചെയ്തിരിക്കുന്നതു്. നാടകരംഗം വെറും നേരമ്പോക്കിനായിട്ടുള്ള സ്ഥലമല്ലാതായിത്തീന്നിരിക്കുന്നു. കുറച്ചു സമയം വല്ലതും രംഗത്തു നടക്കുന്നതു് കണ്ടുകൊണ്ടു് കുലുങ്ങിച്ചിരിക്കുവാൻ, സൗകര്യം ഉണ്ടാക്കുന്ന രീതിയല്ല ഇന്നുള്ളതു്. തികച്ചും ഗൗരവമേറിയ പ്രശ്നങ്ങളിലേക്കു് ശ്രദ്ധകേന്ദ്രീകരിപ്പിച്ചു് കാണികളെ ചിന്തിപ്പിക്കാനും കഴിയുമെങ്കിൽ ചില പ്രത്യേക സരണികളിൽക്കൂടി നടത്താനും സഹായിക്കുന്ന കലാസൃഷ്ടികളെ അവതരിപ്പിക്കുകയെന്നതാണു് നാടകത്തിന്റെ ലക്ഷ്യം. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഗൗരവമേറിയ കാര്യങ്ങളെക്കുറിച്ചു് ചിന്തിക്കുവാനും ഗൗരവമേറിയ പ്രശ്നങ്ങളെ ബോധപൂർവ്വം നേരിടുവാനും നമ്മുടെ എഴുത്തുകാർ ശ്രദ്ധിച്ചുവരുന്നുണ്ടു്. ഇതിന്റെ പ്രത്യക്ഷമായ പ്രതിഫലനം സാഹിത്യത്തിന്റെ എല്ലാ ശാഖകളിലും ഇന്നു നമുക്കു് കാണാവുന്നതുമാണു്. നാടകശാഖയിൽ ഇക്കാര്യം ഏറ്റവും പ്രകടമായിരിക്കുന്നു.

ശ്രീ. ചെറുകര പത്മനാഭപിള്ളയുടെ 'എന്റെ മണ്ണു്' എന്ന ഈ നാടകം ഒരു കൊച്ചു കുടുംബത്തെ കേന്ദ്രമാക്കി എഴുതിയിട്ടുള്ളതാണു്; നാട്ടിൻ പുറത്തുള്ള ഇടത്തരക്കാരിൽ താഴേയറ്റത്തുള്ള ഒരു കുടുംബം. അതു് സമ്പൂർണ്ണസ്വാതന്ത്ര്യമായ ഒരു ഘടകമല്ല. നൂറായിരം നൂലുകൾ കൊണ്ടു് അതു് ഗ്രാമജീവിതവുമായി കെട്ടിക്കുരുങ്ങിക്കിടക്കുകയാണു്; ആ നൂലുകളാണു് സാമൂഹ്യബന്ധങ്ങൾ; സ്നേഹബന്ധങ്ങൾ തുടങ്ങിയവ. പത്രോസുമാപ്പിളയും കൊച്ചന്തോണിയും കേശവമേനോനും കണ്ടൻകോരനും മററും ആ കുടുംബവുമായി അടുക്കാനിടയായതു് ആ കെട്ടുപാടുകൾ കൊണ്ടുതന്നെ. യാതനകളും കണ്ണുനീരും കൂടപ്പിറപ്പുകളായ സ്നേഹനിധിയായ പാറുക്കുട്ടിയമ്മ. കുടുംബസ്നേഹിയും നല്ല കഷകനും ആയ ഭാസിനായർ. കുടിയും മററു സദ്ദുർഗ്ഗുണങ്ങളും ചേന്നു് രൂപം കൊണ്ടിരിക്കുന്ന പങ്കൻനായർ. സൂചികേറാത്തിടത്തു തൂമ്പാ കേററാൻ കരുത്തുള്ള ചൂഷണത്തിന്റെ പ്രതീകമായ പത്രോസുമാപ്പിള. എന്നിവരാണു് പ്രധാന പാത്രങ്ങൾ. പാറുക്കുട്ടിയമ്മയുടെ ചിത്രീകരണത്തിൽ യാതൊരു അസ്വാഭാവികതയും നമുക്കു്കാണാൻ കഴിയുന്നതല്ല. നാടകം വായിച്ച ശേഷവും (ഒരു പക്ഷെ കണ്ടതിനുശേഷവും) അവരെപ്പററി മാത്രമേ നമുക്കു് ചിന്തയും സഹതാപവും ഉണ്ടാകൂ. അവർ അഭിമുഖീകരിക്കേണ്ടിവരുന്ന കുഴഞ്ഞ പ്രശ്നങ്ങളിൽ സാധാരണ ജീവിതത്തിൽ കാണാവുന്ന ഏതൊരമ്മയേയും പോലെ തന്നെ അവർ പെരുമാറുന്നു എന്നുള്ളതാണു് അതിനു കാരണം. ഈ നാടകത്തിലെ മറ്റെല്ലാ കഥാപാത്രങ്ങളിലും അസ്വാഭാവികമായ ഏതെങ്കിലും ചില കാര്യങ്ങൾ കാണാൻ കഴിയുന്നുണ്ടു്. പത്രോസുമാപ്പിളയോടുള്ള ഭാസിനായരുടെ ചില ഉപദേശങ്ങൾ കേട്ടാൽ, ഭാസിനായർ തറ ടിക്കററുകാക്ക് വേണ്ടി മനഃപൂർവ്വം പറയുന്നതാണെന്നേ തോന്നൂ. പത്രോസുമാപ്പിള തന്നെ സമ്പത്തു് വദ്ധിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ, നാടകത്തിൽ പറഞ്ഞിട്ടുള്ള രീതിയിൽ, സാധാരയിൽ കുറവായ ബുദ്ധിയുള്ള ജനങ്ങൾ അധിവസിക്കുന്ന നാട്ടിൻപുറങ്ങളിൽപോലും നടക്കുമാറവയല്ല. കൊലക്കുറ്റത്തിനു് വിധിച്ചു് ജയിലിലടച്ചിരിക്കുന്ന പങ്കൻനായർ തക്കസമയങ്ങളിൽ രംഗത്തുവരുന്നതും പോകുന്നതും മററും വിശ്വസിക്കാൻ അധികം പേർ ഉണ്ടാകുമെന്നും തോന്നുന്നില്ല.

ഇതിവൃത്തത്തിനു് വലിയ പുതുമയൊന്നും അവകാശപ്പെട്ടുകൂടാ എന്നു് യവനികോദ്ധാരണത്തിനു് മാറി നിന്നു് വിസിലൂതുന്ന ആളും പറയുന്നുണ്ടു്. അതുപോലെ സാഹിത്യദൃഷ്ട്യാ എടുത്തു പറയത്തക്കതായും ഒന്നുമില്ലെന്നു് അതേയാൾ തന്നെ പറയുന്നുമുണ്ടു്. അതിൽ കവിഞ്ഞു് അവയെക്കുറിച്ചു് ഞാനും വിശേഷിച്ചൊന്നെങ്കിലും പറയേണ്ടതായിട്ടില്ല. രംഗസംവിധാനബോധമുള്ള ആളാണു് ശ്രീ. ചെറുകരയെന്നു് തോന്നത്തക്ക കാര്യങ്ങൾ ഈ നാടകത്തിലുണ്ടു്. അസ്വാഭാവികമെന്നും വായിക്കുമ്പോൾ തോന്നുന്ന ചില സംഭവങ്ങൾ രംഗത്തു് പൊലിക്കാനും ഇടയുണ്ടു്. അതിനാൽ വായിക്കുന്നതിനേക്കാൾ കാണാൻ പറ്റിയതായിരിക്കും ഈ നാടകമെന്നാണു് തോന്നുന്നതു്. അതു തീർത്തുപറയുവാൻ കാണാതെ സാധിക്കയുമില്ല.

— കോന്നിയൂർ നരേന്ദ്രനാഥ്

ഉണ്ണികൾക്കു ജന്തുകഥകൾ

മാലി – വില: 1ക. പേജ്: 89

കുട്ടികൾക്കുള്ള കഥകൾ

മുകുൾഭായ് കലാത്ഥി – വിവത്തനം: എം. കെ. മാധവൻനായർ – വില; 75 ന. പൈ. പേജ്: 62
പ്രസാ: സാഹിത്യപ്രവത്തകസഹകരണസംഘം (ലിമിറ്റഡ്), കോട്ടയം.

ഇതാ ബാലസാഹിത്യശേഖരത്തിലേക്കു പറ്റിയ രണ്ടു കൃതികൾ. ഒന്നു സ്വതന്ത്രം, മറ്റൊന്നു വിവത്തിതവും. രണ്ടിലുമുണ്ടു്, ഗുണപാഠങ്ങൾ – ഒന്നിൽ ഒളിഞ്ഞെങ്കിൽ, മറ്റൊന്നിൽ തെളിഞ്ഞും. ആദ്യത്തേതിൽ തമാശയ്ക്കും രണ്ടാമത്തേതിൽ ഗുണപാഠത്തിനും മുൻതൂക്കം കാണാം. എന്നാൽ രണ്ടിലുമുണ്ടു്, ഒരു അധ്യാപകന്റേതായ സമീപനരീതി.

ശ്രീ. മാലിയുടെ കൃതി പലതുകൊണ്ടും മെച്ചമർഹിക്കുന്നുവെന്നു തോന്നുന്നു. കുട്ടികൾ തങ്ങളുടെ ചുററും നിത്യവും കാണുന്നവയും, കാണാനിടയുള്ളവയുമായ ജീവികളെയാണു് 'കഥാപാത്ര'ങ്ങളായി അവതരിപ്പിച്ചിട്ടുള്ളതു് – പൂച്ചയും എലിയും പൂവനും ആമയും നായയും കാക്കയും മററുമാണു് കഥാപാത്രങ്ങൾ. അവയെ ഇത്ര ഭംഗിയായി അവതരിപ്പിക്കണമെങ്കിൽ, അതാതു ജീവികളുടെ സവിശേഷസ്വഭാവങ്ങളെപ്പറ്റി സൂക്ഷ്മപഠനം ആവശ്യമത്രെ. സരളവും ഋജുവുമായ ഭാഷാശൈലി ലേഖകനു് അയത്നസിദ്ധവും! നമ്മബോധത്തോടെ കഥ പറയാനുള്ള കഴിവു് കൃതിക്കു മാററു കൂട്ടുന്നു – സ്വർണ്ണത്തിനു സുഗന്ധമെന്നപോലെ.

ചിലന്തിസന്യാസി (ചിലന്തിസ്സന്യാസി എന്നു വേണ്ട, അല്ലേ?); സായിപ്പു പൂവന്റെ സാഹസം, പണ്ടൊരു പൂച്ചയുമെലിയും, കോങ്കണ്ണൻ കാക്ക, പട്ടിയുടെ രഹസ്യം – എന്നീ നാലു കഥകൾ ശ്രീ. മാലിയുടെ കൃതിയിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. തട്ടിപ്പുകൊണ്ടു് കഴിഞ്ഞുകൂടാമെന്നു കരുതി ആപത്തിലകപ്പെടുന്ന ചിലന്തി, വങ്കത്തംകൊണ്ടു് താൻ പ്രമാണിത്തം നടിച്ചു് അമളി പിണയുന്ന പൂവൻകോഴി, ചൊല്ലുവിളിയില്ലായ്മകൊണ്ടു് ഗുലുമാലിൽ ചാടേണ്ടിവന്ന കാക്ക, ഭീഷണിപ്പെടുത്തിയിട്ടാണെങ്കിലും സഹവത്തിത്വത്തോടെ കഴിയുന്ന എലി, പൊള്ളയായ വീരസ്യവും ഇളക്കിനടന്നു് അവസാനം ഗുട്ടൻസ് പുറത്താവുന്ന നായ – ഇവരെല്ലാം ചിടുങ്ങന്മാരുടെ മുമ്പിൽ മായാത്ത ചിത്രങ്ങളായി നിലനില്ക്കും.

ഇത്രയും നേട്ടങ്ങൾ. ഇനി ചില കോട്ടങ്ങളും, ഒറ്റനോട്ടത്തിൽ കണ്ണിൽപ്പെട്ടതു്, പറയാം. ചിത്രീകരണമില്ല. കെട്ടും മട്ടും മററും കുറേക്കൂടി നന്നാകണം (ബാലസാഹിത്യമെന്ന നിലയ്ക്കു മാത്രമാണു് ഇതു പറയുന്നതു്). ഇനി ചില സംശയങ്ങളും: കടലാമയ്ക്കല്ലാതെ നമ്മുടെ കുളക്കരയിൽ കാണുന്ന ആമകൾക്കു് ഒരു പൂവൻകോഴിയെ പിടിക്കാനൊക്കുമോ? ചിലന്തി, കോഴി, കാക്ക എന്നിവയെ ജന്തുക്കളെന്നു പറയുമോ? കാരണം, ജന്തുക്കളെന്നു പറയുമ്പോൾ മലയാളത്തിൽ മറ്റൊരു ബോധമല്ലെ, ഉണ്ടാവുക? ഇംഗ്ലീഷിലുള്ള (Animal) എന്നതിനെ അനുകരിച്ചു്, മനുഷ്യൻ ഒഴിച്ചു് ജീവനുള്ള മററു എല്ലാററിനേയും ജന്തുക്കൾ എന്നു മലയാളത്തിൽ പറയുമ്പോൾ ശ്രുതികടുവായി തോന്നുന്നില്ലേ? – ഈ പറഞ്ഞതു് ഗ്രന്ഥത്തിന്റെ ഗുണപൌഷ്കല്യം കുറയ്ക്കാനല്ല, കിട്ടോ, ചില സംശയങ്ങൾ ഉന്നയിച്ചുവെന്നു മാത്രം. ഇതുപോലെ വടക്കക്കു് പട്ടി സ്ത്രീലിംഗമാണെന്നു തോന്നുന്നു; നായ പുല്ലിംഗവും.

ശ്രീ. മാലിയുടേതുപോലെയല്ല, ശ്രീ. മുകുൾഭായിയുടെ കൃതി. ചരിത്രപുരുഷന്മാരു

(28–ാംപേജ് നോക്കുക)

Jaya Keralam, July 12, 1959 BR

ഇതൊക്കെയാണെങ്കിലും, ശ്രീ. സുകുമാരന്റെ സംരംഭം അഭികാമ്യംതന്നെ

1. മാലിക്കു കടമില്ല
2. പൊലിയുന്ന കിനാവുകൾ

ഗ്രന്ഥകർത്താ: കെ. വി. നമ്പൂതിരി.
വില: യഥാക്രമം ക. 1.50. ക. 1.25.
പേജ് യഥാക്രമം: 140, 114.
വിതരണക്കാർ: നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.

ആദ്യത്തേതു് ഒരു നാടകം, രണ്ടാമത്തേതു് ഒരു നോവലും. രണ്ടും സോദ്ദേശ്യം എഴുതപ്പെട്ടവ. രണ്ടിലും സമകാലീനപ്രശ്നങ്ങളെ തൊട്ടു തഴുകി പോകുന്ന പ്രമേയവും. എന്നാലുമുണ്ടല്ലോ, വായന തീർന്നാൽ, എന്തോ ഒരു പോരായ്മയുള്ളപോലെ. അതെന്തേ? ഭാവരൂപങ്ങളുടെ ഒത്തിരുപ്പു് എന്നൊക്കെ പറയാറില്ലേ, അതിന്റെ ന്യൂനത തന്നെ ആയിരിക്കണം.

നാടകത്തിലെ പ്രമേയം സാമ്പത്തികമെങ്കിൽ, നോവലിലേതു സാമൂഹ്യമത്രെ. ആദ്യത്തേതിൽ കാർഷികപ്രശ്നങ്ങളുടെ കാതലായ ഭാഗത്തിലേക്കു് വെളിച്ചം പായിക്കാൻ ശ്രമിക്കുമ്പോൾ, രണ്ടാമത്തേതിൽ പഴയ തറവാട്ടുമഹിമയുടെ പൊള്ളത്തരത്തെ തൊലിയുരിച്ചു് കാണിക്കാനും ശ്രമിക്കുന്നു.

കുട്ടനാട്ടിലെ കൃഷിഭൂമിയാണു്, നാടകത്തിലെ പാർശ്വഭൂമി. പണക്കൊതിയനായ ധനികകർഷകനും നിസ്വനായ കാര്യങ്ങൾ തിരിയുന്ന കർഷകത്തൊഴിലാളിയും രംഗത്തിൽ വരുന്നുണ്ടു്. ചില കർഷകപ്രവർത്തകരും ഇടയ്ക്കു പാളി നോക്കുന്നു. ആ കർഷകനു് പഴയ വ്യവസ്ഥയോടു് എതിർപ്പുള്ള ഒരു മകളും. കർഷകന്റെ സിൽബന്തിയായ ഒരു കാര്യസ്ഥൻ. (ഇയ്യാൾക്കു് ഒടുവിൽ മാനസാന്തരം വരുന്നുണ്ടു്.) ആ കാര്യസ്ഥനു് കാർഷികപ്രവർത്തനത്തിൽ ഏർപ്പെട്ട ഒരു മകൻ, കർഷകൻ കൃസ്ത്യാനിയും കാര്യസ്ഥൻ നായരുമത്രെ. അവസാനം, ആ കർഷകകുമാരിയും 'കാര്യസ്ഥകുമാരനും' തമ്മിൽ പരിണയിക്കുന്നു — ഇവിടം വരെ വായിച്ചു് എത്തുമ്പോൾ, ഇതു വേണ്ടിയിരുന്നോ എന്നൊരു തോന്നൽ. ഈ പരിണയംകൊണ്ടു്, അശക്തരായ കർഷകരുടെ നിലത്തിലെ സർവ്വേക്കല്ലുകൂടി കുഴിച്ചിടാൻ മടിയില്ലാത്ത ആ ധനികകർഷകന്റെ ചെയ്തികളോടുള്ള ചെറുക്കലായോ? നായരെന്നും കൃസ്ത്യാനിയെന്നും ഉള്ള വ്യത്യാസമില്ലാതാക്കണമെന്നു് കാണിക്കാനാണോ, ഈ ബന്ധം? – അതായതു് ആകെ മൊത്തത്തിൽ നോക്കുമ്പോൾ, ഊന്നേണ്ടയിടത്തു്, ചൂണ്ടുവിരൽ ഊന്നിയോ, എന്നൊരു 'ശങ്ക'.

പിന്നെ, ആ 'അക്ബർ'ശൈലിയിലുള്ള സംഭാഷണമെല്ലാം ഒഴിവാക്കുന്നതു നന്നു് – നാടകത്തെ യഥാർത്ഥവാദത്തോടു് കൂടുതൽ കൂടുതൽ അടുപ്പിക്കണമെങ്കിൽ. ശൃംഗാരവും ശകാരവും പ്രസംഗശൈലിയിൽത്തന്നെ വേണമെന്നുണ്ടോ? പോത്തന്മാരേയും കൃഷ്ണപിള്ളമാരേയും പോലെയുള്ള വികൃതസൃഷ്ടികളെ നാടകലോകത്തിൽ ഇനിയും വകഞ്ഞുനിറുത്തരുതേ? 'കഷ്ടിമുഷ്ടി' പഠിത്തമുള്ള, പട്ടവങ്കനായി ചിത്രീകരിച്ച, ഒരു 'കുട്ടനാട'നെക്കൊണ്ടു് വടക്കൻപാട്ടു ചൊല്ലിക്കേണ്ടിയിരുന്നോ? എന്താ, അല്ലേ? പിണ്ഡമടിയന്തിരമെന്നോ, പതിനാറടിയന്തിരമെന്നോ, സാധാരണ മട്ടിൽ പറയുക, നായന്മാരെ സംബന്ധിച്ചാകുമ്പോൾ?

'പൊലിയുന്ന കിനാവുകൾ' ഒരു നോവലാണെന്നു് അവകാശപ്പെടുന്നു. വേണമെങ്കിൽ ഒരു ചെറുനോവലെന്നു പറയാം. ഒരു ഡാക്ടരെ പരിണയിച്ചു്, ഭർത്തൃഗൃഹത്തിലെ പൊള്ളയായ അന്തസ്സുമായി പൊരുത്തപ്പെടാതെ സ്വയം പുറംതള്ളപ്പെട്ടു് വിഷാദവിധുരയായി ജീവിക്കുന്ന ഒരു യുവതിയുടെ ചരിത്രത്തിലൂടെ ഇതിലെ ഇതിവൃത്തം മെനഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. രാഗലോലമായ സങ്കല്പങ്ങളോടെയാണു്, ഭർത്താവിനെ സമീപിച്ചതു്. പക്ഷെ, അയാളുടെ പെരുമാറ്റം നിരാശാജനകമായിരുന്നു. അതു സംഭവിച്ചതു്, തറവാട്ടിന്റെ പൊള്ളയായ അന്തസ്സുകൊണ്ടാണു് താനും. ഭാര്യയോടു സല്ലപിക്കുന്നതും മറ്റും 'മാനോം മര്യാദക്കും' എതിരാണെന്നു് ആ മനുഷ്യൻ ധരിച്ചുവെച്ചിരുന്നു. അവസാനം, അവൾ ഭർത്തൃഗൃഹത്തിൽനിന്നു വീട്ടിലേക്കു തിരിച്ചുപോന്നു. അങ്ങിനെയാണു് അവൾ ആ പഴമയെ എതിർക്കാൻ നിശ്ചയിച്ചതു്. എന്നാൽ ആ തന്ത്രം അവൾ കരുതിയപോലെ വിജയിക്കുകയല്ല ചെയ്തതു്. തന്റെ കുഞ്ഞിനെക്കൂടി, നിയമപരമായി, അവൾക്കു കൈവെടിയേണ്ടിവന്നു, അങ്ങിനെ, അവൾ 'പൊലിയുന്ന കിനാവുകളു'മായി അങ്ങിനെ, വായനക്കാരന്റെ മുമ്പിൽനിന്നു മറയുന്നു.

ഒരു സുഹൃത്തെഴുതിയ കത്തിന്റെ രൂപത്തിലാണു് ഇതിലെ പ്രതിപാദനരീതി. ചില ഭാഗങ്ങൾക്കു് ഒരു ഡയറിക്കുറിപ്പിന്റെ ഛായയും തോന്നും. വർണ്ണനകൾക്കു് ഇടയ്ക്കു് കടിഞ്ഞാണിടുന്നതു്, നല്ലതല്ലേ – അവ എത്ര സുന്ദരങ്ങളാണെങ്കിലും.

ശ്രീ. നമ്പൂതിരിയുടെ രണ്ടു പുസ്തകങ്ങളും ഒരു കാര്യം വ്യക്തമാക്കുന്നുണ്ടു്: കുറച്ചുകൂടി പ്രശിക്ഷണം വേണം. കൃത്രിമമായ 'ക്ലാസിക്കൽ'ശൈലിയിൽനിന്നു് ഒഴിഞ്ഞുമാറാൻ ശ്രമിക്കണം.

— പിൻ.

യൂദാസിന്റെ ശബ്ദം

വല്ലച്ചിറ മാധവൻ
കറന്റ് ബുക്സ്, തൃശ്ശൂർ.
പേജ്: 84, വില: ഒരുറുപ്പിക

വല്ലാത്ത സംശയക്കാരനായ ജ്യേഷ്ഠൻ, അയാളുടെ ഭാര്യ, സാഹിത്യകാരനായ അനുജൻ—ഇത്രയുംപേരാണു് ഈ കൊച്ചുകഥയിലെ പ്രധാന പാത്രങ്ങൾ. ആ സഹോദരന്മാർ ഒരാത്മാവിലൂടെ ജീവിച്ചിരുന്നവരാണു്. ഒരൊറ്റശ്വാസനാളത്തിൽക്കൂടി ശ്വസിച്ചുകൊണ്ടിരുന്നവർ. ഷീല – അതാണു് ജ്യേഷ്ഠന്റെ ഭാര്യയുടെ പേരു് – അവരുടെ കുടുംബത്തിലേക്കു് കാലുകുത്തുമ്പോൾ ഉള്ള അവസ്ഥയായിരുന്നു അതു്. ഷീല രണ്ടു പേരേയും സ്നേഹിച്ചു; അനിയനെ ഒരു ഏട്ടത്തിയമ്മയുടെ സ്ഥാനത്തുനിന്നുകൊണ്ടും ചേട്ടനെ അനുസരണയുള്ള ഭാര്യയായിക്കൊണ്ടും. എത്രതന്നെ ആത്മാർത്ഥതയോടുകൂടി പെരുമാറിയിട്ടും ചേട്ടനു് അവളെ അവിശ്വാസമായി. അവൾകാരണം ജ്യേഷ്ഠൻ അനുജനെ കഠിനമായി വെറുത്തു. ആ കുടുംബത്തിലുണ്ടായിരുന്ന ശാന്തിയും സ്നേഹവും ക്രമേണ കാണാതായി. അവിടെ കുഴപ്പങ്ങൾ കുരുത്തുവളരാൻ തുടങ്ങി. ആ കുഴപ്പങ്ങളുടെ ചിത്രീകരണവും അനന്തരഫലങ്ങളുമാണു് ഈ കഥയിലെ പ്രതിപാദ്യം.

ആകർഷകമായി കാര്യങ്ങൾ പറയുവാൻ കഴിവുള്ളയാളാണു് കഥാകൃത്തെന്നു് ഇതു വായിച്ചാൽ ബോധ്യമാകും. എന്നാൽ പുസ്തകത്തിനു പുറങ്ങൾ കൂട്ടണമെന്നുള്ള മനഃപൂർവ്വമായ വിചാരത്താൽ ഈ കഥ ക്രമത്തിലധികം പരത്തിപ്പറയാൻ ഇടവന്നിരിക്കുന്നു. വായനക്കാരനു് ഈ വിചാരം വരുത്തുന്ന ഭാഗങ്ങൾ ഇതിൽ വളരെയുണ്ടു്. അങ്ങിനെയുള്ള ഭാഗങ്ങൾ വെട്ടിക്കുറച്ചു് വേണ്ട അറ്റകുറ്റപ്പണികളും തീർത്തു് തേച്ചുമിനുക്കിവെച്ചാൽ ഏറ്റവും കൗതുകമുണ്ടാക്കുന്ന ഒരു കലാസൃഷ്ടിയായി ഇതിനെ രൂപാന്തരപ്പെടുത്താം. സുന്ദരമായ ഒരു ചെറുകഥ അങ്ങനെ രൂപംകൊള്ളുകയും ചെയ്യും. വായനക്കാർ മറക്കാത്ത ഒരു കഥ സംഭാവനചെയ്യുവാൻ ശ്രീ. മാധവനു് സംഗതിയാവുകയും ചെയ്യുമായിരുന്നു. അടുത്ത കാലത്തു് മലയാളകഥാകാരന്മാരെ കടന്നാക്രമിച്ചിരിക്കുന്ന നോവൽരചനാഭ്രമം ശ്രീ. മാധവനേയും ബാധിച്ചിരുന്നില്ലെങ്കിൽ ഒരു നല്ല ചെറുകഥയായിത്തന്നെ ഇതു പുറത്തുവരുമായിരുന്നു എന്നാണു് എന്റെ വിശ്വാസം. ഇന്നു് എത്രയെത്ര ചെറുകഥകളാണു് ദുർമ്മേദസ്സുപിടിപെട്ടു് നോവലെന്ന ലേബൽ നെഞ്ചിൽ കുത്തിത്തിരുകി, നോവലുകൾ നില്ക്കുന്ന ഉയർന്ന പന്തിയിൽ കയറിക്കൂടാൻ തള്ളിനോക്കുന്നതു്! നോവൽപ്രസ്ഥാനത്തിനു് അതൊരു ലാഭം ഉണ്ടാക്കുന്നില്ല; ചെറുകഥക്കു് നഷ്ടമുണ്ടാക്കുന്നുണ്ടുതാനും.

പുസ്തകത്തിന്റെ അച്ചടിയും കെട്ടും മട്ടും അനാകർഷകമല്ല.

— കോന്നിയൂർ നരേന്ദ്രനാഥ്

അഭിപ്രായത്തിനു കിട്ടിയ പുസ്തകങ്ങൾ

കാഷ്മീർ പ്രിൻസസ് — വിവ: നാരായണമേനോൻ; ആക്കം വേണ്ടാത്ത മനുഷ്യർ : ഈ വി ജി. പ്രസാ: കേരളാ ബുക്ക്ഹൗസ്, കൊടുങ്ങല്ലൂർ.

———

Jaya Keralam, Sep 12, 1959

BR

ഗ്രന്ഥവിഹാരം

അന്വേഷിച്ചു; കണ്ടെത്തിയില്ല

ഗ്രന്ഥകത്താ: പാറപ്പുറത്തു്. പ്രസി: സാഹിത്യപ്രവത്തകസഹകരണസംഘം, കോട്ടയം. 4ക. പേ. 386.

‘നിണമണിഞ്ഞ കാല്പാടുക’ളിൽ കൂടി ഒരു നോവലിസ്റ്റായി പ്രത്യക്ഷപ്പെട്ട ശ്രീ. പാറപ്പുറത്തിന്റെ ഈ രണ്ടാമത്തെ കൃതി ഇതിനകംതന്നെ കേരളീയരുടെ ഹൃദയംഗമമായ പ്രശംസയ്ക്കു് പാത്രീഭവിച്ചിട്ടുണ്ടു്. “വേദനപ്പെടുന്ന മനുഷ്യന്റെ കണ്ണുനീർ തുടയ്ക്കാൻ തുനിഞ്ഞതുകൊണ്ടു് സ്വയം വേദനപ്പെടുകയും കണ്ണുനീരൊഴുക്കുകയും ചെയ്യേണ്ടിവരുന്ന പെങ്ങന്മാക്കുവേണ്ടി” സമപ്പിച്ചിരിക്കുന്ന ഈ ഗ്രന്ഥം നിലവിലുള്ള സാമൂഹ്യഘടനയുടെ നേക്കുള്ള ഒരു വെല്ലുവിളിയാണു്. നർസിങ്ങ് തൊഴിലിൻെറ പാവനത്വം പ്രസംഗിക്കുകയും, എന്നാൽ ആ തൊഴിൽ ഏററവും നന്നായി അനുഷ്ഠിച്ച ജീവിതത്തെ ചവിട്ടിമെതിക്കുകയും ചെയ്യുന്ന അനീതി നാം ഇവിടെ കാണുന്നു. കെട്ടിനിത്തിയ വികാരസേതു ദയനീയമാംവിധം പൊട്ടിത്തകൻ ആ സൂസമ്മ പരിഹാസ്യതയുടെ നെല്ലിപ്പടിയോളം അധഃപതിക്കുന്ന അവസാനരംഗത്തിലെ കാഴ്ച നോവലിസ്റ്റിൻെറ മനഃശാസ്ത്രജ്ഞാനത്തിൻെറ പരമമാതൃകയാണു്, പട്ടാളജീവിതത്തിലെ നിശ്ശബ്ദനരകങ്ങൾ അദ്ദേഹം വണ്ണിക്കുന്നതു് ഓരോന്നും സാധാരണക്കാരനെ ഞെട്ടിക്കുന്നു. പട്ടാളക്കാരുടെ അദമ്യമായ മാംസദാഹത്തിൽ ജീവനെ ബലിയപ്പിച്ച ആ ആലിസ്സിനെ ആർ മറക്കും? കാററും കോളുംകൊണ്ടു് ഇരമ്പുന്ന പ്രപഞ്ചസമുദ്രത്തിനുള്ളിൽ പട്ടാളജീവിതമെന്ന മറെറാരു സമുദ്രത്തെ ഭാവനകൊണ്ടു് നിമ്മിക്കുകയാണു് ശ്രീ. പാറപ്പുറത്തു് ചെയ്തിരിക്കുന്നതു്. വഞ്ചനയും അസൂയയും പട്ടിണിയും കഷ്ടപ്പാടുംകൊണ്ടു് നശിച്ച ഉൾനാട്ടിൽനിന്നു് നമ്മുടെ ആളുകൾ—ആണും പെണ്ണും—മരണത്തിൻെറ മണ്ഡലത്തിലെങ്കിലും സുഖമന്വേഷിച്ചുനടക്കുന്നു. ആ യാത്ര ആപൽബഹുലമാണു്. ധാമ്മികമാനദണ്ഡങ്ങളെ സ്തുതിക്കുന്ന സമുദായത്തിൽ, അതേ മാനദണ്ഡങ്ങൾ വെച്ചളക്കുമ്പോൾ യാതൊരു കേടുമില്ലാത്ത ജീവിതങ്ങൾക്കു് യാതൊരു വിലയും നാം കൊടുപ്പാൻ തയ്യാറില്ല. ആ അവസരത്തിൽതന്നെ തഞ്ചംനോക്കികളും, ഉയന് യാതൊരു ചിന്താഗതികളും ഇല്ലാത്തവരുമായ സാധാരണ സ്ത്രീപുരുഷന്മാർ ലോകത്തിൽ യഥേഷ്ടം സുഖിക്കുന്നു. ഈ മൌലികമായ വൈരുദ്ധ്യത്തിന്നു് കാരണമെന്തു? അത്തരം വിപുലപ്രശ്നമാണു് ശ്രീ. പാറപ്പുറത്തു് നമ്മുടെ മുമ്പിൽ വെയ്ക്കുന്നതു്. അതിൻെറ പശ്ചാത്തലത്തിൽ കേസ്സും കൂട്ടവും, പണക്കൊതിയും, മിഥ്യാസ്തുതിയും, കളവും, ചതിയും, പ്രയത്നവും, നിരാശയും അടങ്ങിയ പ്രപഞ്ചജീതം അലച്ചാത്തുകിടക്കുകയാണു്.

അനുഭവസിദ്ധിയും അനുകമ്പയും കലന്ന ഹൃദയത്തോടെ ജീവിതത്തിൻെറ സങ്കീണ്ണപ്രശ്നങ്ങളെ അവയർഹിക്കുന്ന ഗൌരവത്തോടെ നേരിടുവാൻ ശ്രീ. പാറപ്പുറത്തു് ശ്രമിച്ചിട്ടുണ്ടു്. അടുത്തകാലത്തു് പുറപ്പെട്ട മലയാളനോവലുകളിൽവെച്ചു് ഏററവും അന്തഃസാരമുള്ളതും, യഥാത്ഥജീവിതരക്തം തുടിക്കുന്നതുമായ ഒരു കൃതിയാണിതെന്നു് പറവാൻ ഒട്ടും മടിക്കേണ്ടതില്ല. കൂടുതൽ സത്യസന്ധതയോടെ, ജീവിതത്തിൻെറ വിപുലമായ കാൻവാസ്സിൽ വരച്ചിട്ടുള്ളതാകയാൽ ‘ചെമ്മീ’നിന്നും മററും കിട്ടാത്ത ഭാവഗൌരവവും ഹൃദയാവജ്ജകതയും ഈ നോവലിന്നു് സിദ്ധിച്ചിട്ടുണ്ടു്. അന്വേഷിക്കുകയും കണ്ടെത്തുകയും ചെയ്യാത്ത സുഖം ഒരേ അവസരത്തിൽ രണ്ടു് പ്രശ്നങ്ങൾ ഉന്നയിക്കുന്നു. ആ അന്വേഷണത്തിൻെറ മാഗ്ഗം അനവദ്യാമായിരുന്നുവോ എന്നു ഒന്നു്. ആയിരുന്നെങ്കിൽ, ഫലലാഭം ഉണ്ടാകാത്തതിന്നുള്ള കാരണമെന്തു് എന്നു് മറെറാന്നു്. വിധിപൌരുഷങ്ങളുടെ സംഘട്ടനത്തിൽ മനുഷ്യൻെറ നിസ്സഹായത സാധിക്കുന്ന കല ഹൃദയാവജ്ജകമാണെങ്കിലും ഉത്തമമമായിക്കൊള്ളണമെന്നില്ല. ശ്രീ. പാറപ്പുറം ഉന്നയിച്ചിട്ടുള്ള പ്രശ്നം വിധിയുടേതല്ല, മനുഷ്യൻേറതാണു്, സാമൂഹ്യമനുഷ്യൻെറയാണു്. അതിൻെറ പരിഹാരം എഴുത്തുകാരൻെറ കടമയല്ല; സമുദായപരിഷ്കത്താവിൻേറതാണു്.

ഈ നോവലിന്നു് ഇനിയും നല്ല അനുഗാമികൾ ഉണ്ടായിത്തീരുമെന്നു് ഞങ്ങൾ ആശിക്കുന്നു.

— കെ. എൻ.

വരൂ, ചന്ദ്രനിലോളം

ഗ്രന്ഥകത്താക്കൾ: പത്മനിഞ്ചാലകൃഷ്ണൻ; പി. കെ. ബാലകൃഷ്ണൻ. പ്രസാധകന്മാർ: പി. കെ. ബ്രദേർസ്, കോഴിക്കോടു് വില: 1.50., പേജ്: 110+10

ഭൂഗോളത്തിന്റെ പരിധിയിൽ മനുഷ്യനെ ബന്ധിച്ചുനിത്തിയിരിക്കുന്ന ശക്തികളെ സ്വന്തം ധിഷണാശേഷിയാൽ പൊട്ടിച്ചുകളഞ്ഞു് മററു ഗോളങ്ങളിലേക്കുള്ള സഞ്ചാരത്തിനു് മാഗ്ഗം തുറന്നുവച്ചതു് സോവിയററു് ശാസ്ത്രജ്ഞന്മാരാണു്. 1957 ഒക്ടോബർ 4-ാം തീയതിയാണു് ഒന്നാമത്തെ സ്പുട്നിക് ഭൂമിക്കു ചുററും അതിന്റെ ഭ്രമണം ആരംഭിച്ചതു്. ലോകരെല്ലാം സോവിയററു് ശാസ്ത്രജ്ഞന്മാരെ അനുമോദിച്ചു. ആ സംഭവത്തിനുശേഷം സാധാരണജനങ്ങളും ഇത്തരം പ്രവത്തനങ്ങളിൽ തല്പരരായിത്തീന്നു. അതിനെക്കുറിച്ചു് വിശദമായി കാൎയ്യങ്ങൾ അറിയുന്നതിനു് ആളുകൾക്കു് കടുത്ത ആഗ്രഹമുണ്ടു്. മററു ഭാഷകളിൽ ഈ ആവശ്യം നിറവേററുന്നതിനു് ധാരാളം ഗ്രന്ഥങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു. സാങ്കേതികകാൎയ്യങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന പുസ്തകങ്ങൾ ഒട്ടും മററു ഭാഷകളിൽ കുറവല്ല. എന്നാൽ മലയാളത്തെ സംബന്ധിച്ചിടത്തോളം ഇതു ശരിയാണോ? അടുത്ത കാലത്തു് അപൂവ്വമായിട്ടാണെങ്കിലും ശാസ്ത്രഗ്രന്ഥങ്ങൾ പുറത്തുവരുന്നുണ്ടെന്നുള്ളതു് നല്ല കാൎയ്യമാണു്. ആഴ്ചപ്പതിപ്പുകളിലും മാസികകളിലും ശാസ്ത്രപംക്തികൾക്കു് പ്രാധാന്യം നല്കുന്നതിനു് പത്രാധിപന്മാർ ഇന്നു പ്രത്യേകതാല്പൎയ്യം കാണിക്കുന്നുമുണ്ടു്.

ഗോളാന്തരയാത്രകളെ സംബന്ധിച്ചു് ഭാവനാകഥകൾ രചിക്കുന്നതിനു് മനുഷ്യൻ നേരത്തെ താല്പൎയ്യം പ്രദശിപ്പിച്ചിട്ടുണ്ടു്. സഞ്ചാരസാഹിത്യത്തിനു് ദീർഘകാലചരിത്രമുണ്ടു്. എന്നാൽ ഗോളാന്തരയാത്രയ്ക്കു് അത്രത്തോളം പഴക്കമില്ല. ഡമോസറ്റായിലെ ലൂസിയൻ എന്ന ഗ്രീക്കു് പരിഹാസപടുവിനെയാണു് ഏറ്റവും പ്രാചീനനായ അത്തരം ഗ്രന്ഥകാരനായി പരിഗണിച്ചുവരുന്നതു്. അദ്ദേഹം ആയിരത്തിഎണ്ണൂറു കൊല്ലങ്ങൾക്കു് മുമ്പു് അത്തരം ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായത്രേ! എന്നാൽ അദ്ദേഹത്തിന്റെ മരണശേഷം ആയിരത്തിനാനൂറു സംവത്സരക്കാലത്തോളം ഗോളാന്തരയാത്ര സംബന്ധിച്ചുള്ള ഭാവനാസൃഷ്ടികൾ ഉണ്ടായില്ല. (വരൂ, ചന്ദ്രനിലോളം എന്ന പുസ്തകത്തിൻ 1500 കൊല്ലമെന്നു പറിഞ്ഞിരിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല). അങ്ങിനെ ഗ്രന്ഥങ്ങൾ ഉണ്ടാകാത്തതിനു പ്രധാനകാരണം അക്കാലങ്ങളിലെ മതവിശ്വാസികളുടെ കടുത്ത സ്വാധീനമാണു്. ഭൂമിയല്ലാതെ മറ്റൊരു ലോകവും പ്രപഞ്ചത്തിലില്ലെന്നുള്ള വിശ്വാസം മതാധികാരികൾ മനുഷ്യരിൽ ഉറപ്പിക്കുന്നതിനു് ശ്രമിച്ചുകൊണ്ടിരുന്ന കാലമാണതു്. സൂൎയ്യനും താരഗണങ്ങളും ചന്ദ്രനും എല്ലാം ആകാശത്തുകെട്ടിത്തൂക്കിയിട്ടുള്ള ദീപങ്ങൾ മാത്രമാണെന്നാണു് അവർ പഠിപ്പിച്ചതു്. മററു ലോകങ്ങളില്ലെങ്കിൽ മനുഷ്യർ ഭൂമിവിട്ടു് ഭാവനയിൽ പോലും എങ്ങോട്ടാണു പോകാൻ തുനിയുക? ഭാവനയുള്ളവരാരെങ്കിലും അതിനു് തുനിഞ്ഞിരുന്നെങ്കിൽ ദൈവവിരോധികളായിത്തീരും. ദൈവവിരോധികൾക്കുള്ള ശിക്ഷ ജയിൽവാസമോ മരണമോ ആണു്. ഇക്കാരണങ്ങളാൽ സ്പേസ് സഞ്ചാരം സംബന്ധിച്ചും മററുമുള്ള കഥകൾ രചിക്കുന്നതിനു് മനുഷ്യനു് സാധിച്ചില്ല. കോപ്പർനിക്കസ്, കെപ്ലർ, ഗലിലിയോ തുടങ്ങിയ ശാസ്ത്രജ്ഞന്മാർ പള്ളിയുടെ സിദ്ധാന്തത്തിനു് വിപരീതമായ കാൎയ്യങ്ങൾ പ്രസ്താവിച്ചതിനു് സഹിക്കേണ്ടിവന്ന വേദനകൾ നമുക്കു് അറിവുള്ള സംഗതികളാണല്ലോ. ഭൂമി പ്രപഞ്ചത്തിൻെറ കേന്ദ്രമല്ലെന്നും പ്രപഞ്ചത്തിലെ ഒരേ ഒരു ലോകമല്ലെന്നും അവർ സകലവിധ പ്രാതികൂല്യങ്ങളെയും വിഗണിച്ചു് പ്രഖ്യാപിച്ചപ്പോൾ, പ്രപഞ്ചത്തെക്കുറിച്ചുള്ള മനുഷ്യന്റെ പ്രമാണങ്ങളിലും വിശ്വാസങ്ങളിലും വമ്പിച്ച, വിപ്ലവപരമായ, മാറ്റമാണു് സംഭവിച്ചതു്. അതോടെ മനുഷ്യനെ ബന്ധിച്ചിരുന്ന നിരവധി ചങ്ങലകൾ പൊട്ടിവീണു. ഈ വിപ്ലവത്തിനുശേഷം ആദ്യമായി സ്പേസ് സഞ്ചാരത്തെ ആസ്പദമാക്കി രചിച്ച ഗ്രന്ഥം കെപ്ലറുടെതാണു്. അദ്ദേഹത്തിൻെറ ഭാവനാപരമായ ആ ഗ്രന്ഥം മനുഷ്യനു വീ

ണ്ടും അനന്തവിശാലമായ ഒരു ലോകത്തിലേക്കുള്ള വഴി കാട്ടിയായിത്തീർന്നു. കെപ്ലറുടെ പുസ്തകത്തിന്റെ മാതിരിയുള്ള ഒരു ഗ്രന്ഥം ഫ്രാൻസിസ് ഗോഡ്‌വിൻ എന്ന ഇംഗ്ലീഷ് ബിഷപ്പ് 1638–ൽ, കാൽനൂറ്റാണ്ടിനു ശേഷം രചിക്കുകയുണ്ടായി. 'ചന്ദ്രനിലെ മനുഷ്യൻ' എന്ന അദ്ദേഹത്തിന്റെ കൃതിയിലെ കഥാനായകൻ, സഞ്ചരിച്ചതു് കാട്ടരയന്നങ്ങൾ വലിച്ചുകൊണ്ടുപോയ ഒരു തരം കസേരയിലാണു്. ഏതാണ്ടു് ഇതേ കാലഘട്ടത്തിൽ ചെസ്റ്ററിലെ ബിഷപ്പായിരുന്ന ജോൺവിൽക്കിൻസ് ചന്ദ്രനിലേക്കുള്ള യാത്രയുടെ സാദ്ധ്യതയെപ്പറ്റി ചർച്ചചെയ്യുന്ന ഒരു ഗ്രന്ഥം രചിക്കുകയുണ്ടായി. ശാസ്ത്രതത്വങ്ങളെ പ്രമാണമാക്കി സ്പേസ് സഞ്ചാരം സംബന്ധിച്ചുള്ള ഭാവനാസൃഷ്ടികളുടെ ആരംഭം ഫ്രഞ്ചു ഗ്രന്ഥകാരനായ സൈറാനോ ഡി ബെർഗെരാകിന്റെ കഥകളിലാണു് കാണുന്നതു്. ഇതു് പതിനേഴാംനൂറ്റാണ്ടിന്റെ ഉത്തരാർധത്തിലാണു്. ഒരു നൂറ്റാണ്ടു മുമ്പുവരെയുള്ള ഇത്തരം ഗ്രന്ഥകാരന്മാരെല്ലാം യാത്രയ്ക്കുപയോഗിക്കുന്ന യന്ത്രങ്ങളെ കാര്യമാക്കിയിട്ടില്ല. അവരൊക്കെ കഥാപാത്രങ്ങൾ ലക്ഷ്യസ്ഥാനത്തെത്തിയശേഷം കാണുന്ന കാഴ്ചകളെക്കുറിച്ചാണു് പ്രധാനമായി ചർച്ച ചെയ്തിരുന്നതു്. അതൊക്കെ പൂർണ്ണമായും ഭാവനാപരങ്ങളുമായിരുന്നു.

ഈ കാലഘട്ടമായപ്പോഴേക്ക് ന്യൂട്ടന്റെ സിദ്ധാന്തങ്ങൾ വിശദമാക്കപ്പെട്ടുകഴിഞ്ഞു എന്നു പറയാം. ആദ്യത്തെ ബലൂണുകളിൽ മനുഷ്യൻ അന്തരീക്ഷത്തിൽ സഞ്ചരിച്ചു തുടങ്ങി. അല്ലൻപോയുടെ ഒരു കഥയിലെ കഥാപാത്രം (Unparalleled Adventures of one Hans Pfaall) ബലൂണിൽ ചന്ദ്രനിൽ എത്തിയതായിട്ടാണു് ചിത്രീകരിച്ചിട്ടുള്ളതു്. എന്നാൽ പുതിയ ശാസ്ത്രം നല്കിയിട്ടുള്ള അറിവിനെ ഒട്ടും നിരാകരിക്കാതെ, കഥകൾ രചിക്കാൻ ആരംഭിച്ചതു് ജൂലസ് വെർനെ (JulesVerne) ആണു്. വെർനെയുടെ ഭാവനാപാരങ്ങളായ ശാസ്ത്രകഥകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കേണ്ട ആവശ്യമില്ല. അവ അത്രയ്ക്കു് പ്രസിദ്ധങ്ങളാണു്. അദ്ദേഹം ഭാവനയിൽ കണ്ട എത്രയെത്ര കാര്യങ്ങളാണു് പിൽക്കാലത്തു് പരമാർത്ഥമായി ഭവിച്ചിട്ടുള്ളതു്! ശരിയായ ശാസ്ത്രതത്വങ്ങളെ ആസ്പദമാക്കി രചിച്ചിട്ടുള്ള അദ്ദേഹത്തിന്റെ കഥകൾക്ക് ഇന്നും പൊരുത്തക്കേടു പിണഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ 'ഒരു ബലൂണിൽ അഞ്ചു് ആഴ്ച' (Five Weeks in a Balloon) ഭൂമിയിൽനിന്നു് ചന്ദ്രനിലേക്കു് (Form the Earth to the moon) ചന്ദ്രനു ചുററും ഒരു യാത്ര (A trip round the Moon) അതിവേഗതയുള്ള ആകാശക്കപ്പൽ (The clipper of the clouds) ഇരുപതിനായിരം കാതം സമുദ്രത്തിന്നടിയിൽ (Twenty Thousand Leagues under the Sea) ഭൂമിയ്ക്കു ചുററും എൺപതു ദിവസം കൊണ്ടു (Around the World in Eighty Days) മൈക്കൽ സ്ട്രോഗോഫ് (Michael strogoff) എന്നിവ ഇന്നും നമ്മെ എത്രമാത്രമാണു് ആനന്ദിപ്പിക്കുന്നതു്! അവയിൽ അദ്ദേഹം ദീർഘദർശനം ചെയ്തിട്ടുള്ള കാര്യങ്ങളല്ലെ ഇന്നു് ആധുനികശാസ്ത്രം നേടിയിട്ടുള്ള പല കാര്യങ്ങളും?

കലാകാരന്റെ ഭാവനയിൽ കണ്ട കാര്യങ്ങൾ സാങ്കേതികവിദഗ്ദ്ധന്മാർ ഇന്നു് നേടി തുടങ്ങിയിരിക്കുകയാണല്ലോ. ഇതിനു് സഹായിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ കെ. ഈ. ഡിയോൽകോവിസ്കി, ആർ. എച്ച്. ഗോഡാർഡ്, ഹെർമാൻ ഓബെത്തു് തുടങ്ങിയവരുടെ കാര്യം പ്രത്യേകിച്ചു പറയേണ്ടതായിട്ടുണ്ടു്. സ്ഥലപരിമിതി അവരുടെ പരിശ്രമങ്ങളെക്കുറിച്ചു് വിശദീകരിക്കാൻ അനുവദിക്കുന്നില്ല.

'വരു, ചന്ദ്രനിലോളം' എന്ന എന്റെ മുമ്പിലിരിക്കുന്ന നിരൂപണവിഷയമായ കൊച്ചു പുസ്തകത്തിൽ, ഗോളാന്തരയാത്രയെ സംബന്ധിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുന്നതിനു് ശ്രമിച്ചിരിക്കുന്നു. അതിനെപ്പറ്റി സാമാന്യവിവരം സിദ്ധിക്കുന്നതിനു് ഇതു് സഹായിക്കുകയും ചെയ്യും. കൃത്രിമചന്ദ്രൻ എന്തിനു്? ശൂന്യയാനങ്ങൾ, ശൂന്യതയിലെ ജീവിതം, എന്നിങ്ങനെ നമുക്കു് അറിയാൻ കൗതുകമുള്ള പല കാര്യങ്ങളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. സാധാരണക്കാർക്കു് പ്രയാസം കൂടാതെ മനസ്സിലാകുന്ന ഭാഷയാണു് ഇതിൽ സ്വീകരിച്ചിരിക്കുന്നതു്. വേണ്ട ചിത്രങ്ങളും വിശദീകരണത്തിനു നല്കിയിട്ടുണ്ടു്. എല്ലാത്തരത്തിലും ഇതു് പ്രയോജനകരമായ ഒരു പ്രസിദ്ധീകരണം തന്നെ. അനുബന്ധത്തിൽ, കൂടുതൽ വിവരങ്ങൾ വായിച്ചറിയുന്നതിനുള്ള ഗ്രന്ഥങ്ങളുടെ പേരുകൾ കൂടി ചേർക്കാമായിരുന്നു. Rockets, Missiles and SpaceTravel by Willy Ley; The conquest of space by Willy Ley; Inter Planetary Flight by Arthur C. Clarke; space Travel by K. W. Gatland and A. M. Kunsech; The Rocket Pioneers by B. Williams and S. Epstein — തുടങ്ങിയവ അതിനു് ഉപകരിക്കുമെന്നുകൂടി സൂചിപ്പിച്ചുകൊള്ളട്ടെ.

ചുരുക്കത്തിൽ വരു, ചന്ദ്രനിലോളം എല്ലാ വായനശാലകളിലും ഉണ്ടായിരിക്കേണ്ട ഒരു പുസ്തകമാണു്. വായിക്കുന്നതിനു് പ്രത്യേകമായി ശുപാർശ ചെയ്യേണ്ട പുസ്തകമാണു്.

— കോന്നിയൂർ നരേന്ദ്രനാഥ്

Jaya Keralam, Sep 19, 1959 BR

നിഴലാട്ടം

ഗ്രന്ഥകർത്താ: കുട്ടികൃഷ്ണമാരാര്.
പ്രസാ: കറൻറ് ബുക്സ്, തൃശ്ശൂർ.
വില: ക. 2.00. പേജ്: 104.

പ്രസിദ്ധനിരൂപകനായ മാരാരുടെ ഗദ്യകവിതകളും പദ്യകവിതകളുമടങ്ങിയ 'നിഴലാട്ട'ത്തിൻെറ 'കുട്ടിച്ചേക്കല്ല്'കളോടുകൂടിയ പരിഷ്കരിച്ച പതിപ്പാണ് നമ്മുടെ മുമ്പിലിരിക്കുന്നതു്. പദ്യരചനയ്ക്കു മിനക്കെട്ടില്ലെന്നുള്ള ഗ്രന്ഥകാരൻെറ തീർപ്പിനെ 'പത്തിരുപതുകൊല്ലത്തെ സാഹിത്യപരിശ്രമത്തിന്നിടയിൽ ഏറെക്കുറെ കൊല്ലത്തിലൊരിക്കൽ ലംഘിയ്ക്കേണ്ടിവന്നിട്ടുള്ളതിൻെറ ഫലം' ഇപ്പുസ്തകത്തിൽ കാണാം. ഗദ്യകൃതികൾ വള്ളത്തോളിൻെറ ഗദ്യരീതിയെ അനുകരിപ്പാൻ ശ്രമിച്ചിട്ടുള്ളതിൻെറ ഫലമാണ്. 'പലതും സഹിച്ചുപോരുന്ന മലയാളവായനക്കാരോടു്' തൻെറ ഈ ലഘുഗ്രന്ഥത്തെക്കൂടി 'സഹിക്കുവാൻ' ശ്രീ. മാരാർ ആവശ്യപ്പെടുന്നുണ്ടു്. അത്ര വേണ്ടിയിരുന്നില്ലെന്നാണ് പുസ്തകം വായിച്ചാൽ തോന്നുക. പദ്യഭാഗങ്ങൾ കുറെ പരുങ്ങലാണെങ്കിലും ഗദ്യകവിതകളെല്ലാം ഹൃദ്യമായിട്ടുണ്ടു്. വള്ളത്തോൾമൂശയിൽ വാർത്തെടുത്തതാണെങ്കിലും അവയുടെ അഴകിന്നു തന്മൂലം ഒരു കുറവും വന്നിട്ടില്ല. നിരൂപണത്തിൻേറയും സൃഷ്ടിയുടേയും ശക്തികൾക്കു തമ്മിൽ തോതിൻെറ കുറവേയുള്ളു; രണ്ടും സ്വഭാവത്തിൽ ഒന്നുതന്നെയാണ് എന്നു് പറയാറുണ്ടു്. ഒരു നല്ല നിരൂപകൻെറ കവിത വായിക്കുമ്പോൾ ഈ അഭിപ്രായത്തെപ്പറ്റിയ ആലോചനയാണ് ഒരു സഹൃദയൻെറ മനസ്സിൽ പൊന്തിവരിക. ശ്രീ. മാരാരുടെ പദ്യങ്ങളിൽ ആശയങ്ങളുണ്ടു്. എന്നാൽ പ്രതിപാദനാദികളിൽ നമ്മെ പിടിച്ചുനിർത്തുന്ന എന്തോ ഒന്നുണ്ടല്ലോ പ്രതിഭാശാലികളുടെ കവിതയിൽ, അതു മാത്രമില്ല. അതുകൊണ്ടുവരുന്ന തണുപ്പത്തമാണ് പ്രധാനമായ കുറവെന്നു തോന്നുന്നു. ആസ്വാദനശക്തി സൃഷ്ടിശക്തിയിൽനിന്നു കുറെ ഭിന്നപ്രകൃതിയാണെന്നു ഇതു കാണുമ്പോൾ തോന്നും. ഗദ്യകവിത കൂടുതൽ സജീവമായതിന്നു കാരണം അതിൻെറ ശില്പം കുറെക്കൂടി നിയന്ത്രണാധീനമായതാകാം; പദ്യത്തെപ്പോലെ ഉപബോധമനസ്സിൻെറ പ്രവർത്തനം ഇതിലത്രയില്ല. ഏതായാലും മാരാരുടെ ഇപ്പുസ്തകം കവിയേയും നിരൂപകനേയും സംബന്ധിച്ച ചില ശാസ്ത്രതത്വങ്ങളെപ്പററി ചിന്തിപ്പാനാണ് ചിലരെ പ്രേരിപ്പിക്കുക.

ഇനി കവിതയുടെ ഒന്നുരണ്ടു മാതൃക പ്രദർശിപ്പിക്കാം. പദ്യം:

"നീലമായ്ത്തുടുത്തതായ്
പ്പച്ചയായ് നറുംപനി-
നീരലർ നിറമായി
ത്തുമഞ്ഞയായെന്നല്ലാ
പറയാവതല്ലാത്ത
പല വർണ്ണവും പൂണ്ടു
നിറയെച്ചിത്രപ്രഭ
കലർന്നുള്ളവയായി
പലമട്ടായിപ്പല
വലുപ്പത്തിലായ് വെട്ടി
പ്പലഭാഗത്തായിട്ട
നന്മുകിൽത്തുകിൽകളാൽ
ചന്തമേന്തുമപ്പശ്ചി-
മാംബരേ മരുവുന്നു
സന്ധ്യയാമൊരു തയ്യ-
ല്ക്കാരിയാം മങ്കത്തയ്യാൾ."
('ധന്യനാമയാളാരോ')

ഗദ്യം: "കാലവൈപരീത്യത്താൽ അർത്ഥത്തിൽ ശ്രദ്ധവിട്ട അക്ഷരമാത്രപാരായണന്മാരായിത്തീർന്ന നമ്മളിൽപ്പലക്കും മധുരാർത്ഥമായ ഈ മന്ത്രത്വത്തിൻെറയും പൊരുളറിഞ്ഞുകൂടാതായിരിക്കുന്നു; ഒരു ടിപ്പണികാരൻെറ മുഖത്തു നോക്കേണ്ടിവന്നിരിക്കുന്നു! തൃക്കാക്കരപ്പൻ (ഈശ്വരനു ഓണക്കാലമിട്ട ഓമനപ്പേരു്) എന്നുവെച്ചാലാരാണ്? ആരാണ്? പൂവുതന്നെയാണെന്നാണ് പ്രസിദ്ധി, പൂവുതന്നെയാണെന്നാണ് പ്രസിദ്ധി; അതെ, പൂവുതന്നെ." ('പൂവിളി')

'ഏകലവ്യൻെറ ത്യാഗം', 'പെണ്ണു് ആണായി' എന്നീ ഗദ്യനാടകങ്ങളും ഇതിലുണ്ടു്. പൊതുവിൽ തരക്കേടില്ല എന്നുമാത്രം അവയെപ്പററി പറയാം.

പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി

ഗ്രന്ഥകർത്താ : ടി. പത്മനാഭൻ.
പ്രസാ: കറൻറ്ബുക്സ്, തൃശ്ശൂർ.
വില ക. 3.00. പേജ് 192 (?)

പ്രസിദ്ധ യുവകാഥികനായ ശ്രീ. പത്മനാഭൻെറ പന്ത്രണ്ടു ചെറുകഥകളുടെ സമാഹാരമാണ് ഈ പുസ്തകം. 'തിരിഞ്ഞുനോട്ടം' എന്ന കഥയിൽ ഇടിഞ്ഞിടിഞ്ഞുപോകുന്ന മനുഷ്യത്വത്തെപ്പററി കാഥികൻ വ്യസനിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്യാഗം എന്നും നിലനില്ക്കുമെന്നു് സമാധാനിക്കുന്നു. 'ത്യാഗത്തിൻെറ രൂപങ്ങൾ' ഭംഗിയുള്ള ഒരാസ്വത്രിക്കഥയാണ്. പ്രേമകഥകൾ വിട്ടു തിര്യഗ്ജീവിതത്തിലേക്കു് കണ്ണോടിക്കാൻ ദുർല്ലഭം പേരേ ശ്രമിക്കാറുള്ളു. ശ്രീ. പത്മനാഭൻെറ 'ശേഖൂട്ടി' നമ്മുടെ സാഹിത്യത്തിലെ നല്ലൊരു നായക്കഥയാണ്. ആളുകളെ കടിച്ചു വിഷമിപ്പിച്ച ഒരു നായയെ ചങ്ങലക്കിട്ടു കൊല്ലുന്നു; അതിൻെറ അന്ത്യകാലത്തുള്ള ചിന്തകളും മററുമാണ് കാഥികൻ തന്മയത്വത്തോടുകൂടി ചിത്രീകരിക്കുന്നതു്. സുന്ദരിമാരുടെ കുതന്ത്രങ്ങളാണ് 'ഭർത്താവി'ലെ പ്രതിപാദ്യം. 'ഒരു ചെറിയ ജീവിതവും വലിയ മരണവും' എന്ന കഥയിൽ, ഒരു ദരിദ്രനായ മുസ്ലീം ബാലൻ കുടുംബഭരണത്തിന്നു ഏതോ ഹോട്ടലിൽ പോയി രാപ്പകൽ ജോലിചെയ്തു മരിക്കുന്ന ദയനീയവൃത്തമാണടങ്ങുന്നതു്. 'ഗോട്ടി' കുട്ടികളുടെ മനഃശാസ്ത്രം നന്നായി ചിത്രീകരിക്കുന്നു. ജീവിതത്തിന്നു തെളിവും പുതുമയും നല്കുന്നതിൽ സ്ത്രീസൗന്ദര്യത്തിനുള്ള പങ്കാണ് 'പ്രകാശം പരത്തുന്ന പെൺകുട്ടി'യിലുള്ളതു്. 'തിന്നുവാൻ പറ്റാത്ത ബിസ്കററ്' ദാരിദ്ര്യത്തിൻെറ മനഃശാസ്ത്രത്തിനുള്ളിലേക്കു പ്രവേശിപ്പാൻ ശ്രമിക്കുന്നു. 'ആ മരം കാക്കാറില്ല' എന്നതു് ബാല്യസൗഭാഗ്യത്തെ ചവിട്ടിമെതിക്കുന്ന യജമാനത്തത്തിൻെറ ദുഷ്ടതകൾ കാണിക്കുന്നതാണ്. ഈ സമാഹാരത്തിലെ എല്ലാ കഥകൾക്കും വികാരോത്തേജകത്വമുണ്ടു്. സ്വന്തമായ ഒരു സൗഭാഗ്യം എല്ലാററിന്നും കാണും. ഈ കാഥികനിൽനിന്നു ഇനിയും നല്ല സൃഷ്ടികൾ ആശിക്കാം.

കെ. എൻ.

മനുഷ്യനിർമ്മിതമായ ഗ്രഹം

ഗ്രന്ഥകർത്താ: മധു. പ്രസാധകർ: കറൻറ് ബുക്സ്, തൃശ്ശൂർ. പേജ്: 28. വി: 50 ന.പ.

സോവിയറ്റ്യൂണിയൻ ജനവരി 2-ാം തീയതി തൊടുത്തുവിട്ട റോക്കറ്റ് സൗരമണ്ഡലത്തിലെ ആദ്യത്തെ മനുഷ്യനിർമ്മിതമായ ഗ്രഹമായിത്തീർന്ന കാര്യം നമുക്കൊക്കെ അറിവുള്ളതാണല്ലൊ. ഇതു് ഏറ്റവും മഹത്തായ ഒരു നേട്ടമായിട്ടാണ് എല്ലാവരും അംഗീകരിച്ചിട്ടുള്ളതു്. ഭൂമിയുടെ അതിഗംഭീരമായ ആകർഷണശക്തിയെ ഭേദിച്ചു് പുറത്തുകടന്ന ആദ്യത്തെ വസ്തുവെന്ന നിലയ്ക്കാണ്, അതിൻെറ പ്രാധാന്യം. സങ്കല്പകുതുകിയായ മനുഷ്യൻ അവൻെറ സങ്കല്പങ്ങളെ യാഥാർത്ഥ്യമാക്കിത്തീർത്തതു് എങ്ങിനെയാണെന്നും ഭൂമിയെന്ന ജയിലിൽനിന്നു് വിമോചിതനായി വിശാലമായ പ്രപഞ്ചത്തെ മുഴുവൻ കളിമുറ്റമാക്കിക്കൊണ്ടിരിക്കുന്നതെങ്ങിനെയെന്നും മററുമുള്ള രസകരങ്ങളായ വിവരങ്ങളുടെ സൂചനകൾ ഈ ലഘുലേഖയിൽനിന്നു് ലഭിക്കുന്നതാണ്. ശൂന്യാകാശ ഗവേഷണത്തിൽ സോവിയററുയൂണിയനുണ്ടായ വിജയത്തെ വാനോളം പുകഴ്ത്താനും, അമേരിക്കൻ ഐക്യനാടുകളെ വേണ്ടതിലധികം വിപരീതമായി ചിത്രീകരിക്കാനും ഇതിൽ ശ്രമിച്ചിട്ടുണ്ടു്. ശാസ്ത്രകാര്യങ്ങളെ സാധാരണക്കാരൻെറ അറിവിനായി പ്രചരിപ്പിക്കുവാനുള്ള ആഗ്രഹത്താലോ, അതോ അതിനെ ഒരു നാടിൻെറ മഹത്വത്തെ പാടിപ്പുകഴ്ത്താനുള്ള ഉപാധിയാക്കിത്തീർക്കണമെന്ന ഉദ്ദേശത്താലോ, ഏതിലാണ് ഇതു് രചിച്ചിട്ടുള്ളതെന്നു് സംശയിക്കേണ്ട കാര്യമില്ല. ഇത്തരം പരിശ്രമങ്ങളിൽനിന്നെങ്കിലും 'ശീതസമരം' ഒഴിവാക്കുന്നതു് നന്നായിരിക്കുമെന്നുതോന്നുന്നു. ശാസ്ത്രജ്ഞന്മാരുടെ നേട്ടം മനുഷ്യരാശിയുടെ പൊതുമുതലാണ്. അവരെ ഉൾക്കൊള്ളുന്ന രാജ്യത്തിൻെറ മാത്രമല്ല. ശാസ്ത്രവിജ്ഞാനത്തേയും ശാസ്ത്രജ്ഞന്മാരേയും ശാസ്ത്രത്തിൻെറ നേട്ടങ്ങളേയും ആ വിധത്തിൽ അവതരിപ്പിക്കുന്നതാണ് ഏറ്റവും ഉചിതമായിട്ടുള്ളതു്. അമേരിക്കക്കാർ റഷ്യക്കാരെ മോശക്കാരെന്നു് പറഞ്ഞുതള്ളുന്നതും റഷ്യക്കാർ അമേരിക്കക്കാരെ അധിക്ഷേപിക്കുന്നതും ശക്തിചേരികളിലൊന്നിലും ഉൾപ്പെടാതെ നില്കുന്ന നാം അനുക

ക്കാതിരിക്കുന്നതല്ലേ ഉത്തമം? ശാസ്ത്രകാര്യങ്ങളിൽ അതുതന്നെയായിരിക്കും ഉത്തമം: ശാസ്ത്രത്തെ മനസ്സിലാക്കിക്കൊടുക്കുന്നതിനായിരിക്കട്ടെ നമ്മുടെ ശ്രമം. അതിനെ അടിസ്ഥാനമാക്കി മത്സരം വർദ്ധിപ്പിക്കാതിരിക്കണം. നിഷ്പക്ഷമായി കാര്യങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സാഹചര്യം നമുക്ക് ഉണ്ടല്ലോ.

കോന്നിയൂർ നരേന്ദ്രനാഥ്.

സൂര്യൻ

എം. ആർ. ബി. കറൻറ് ബുക്സ്, തൃശ്ശൂർ, പേജ്: 33, വില: 0. 75.ന.പ.

സൂര്യൻെറ സ്വരൂപം, ഘടന, പരിണാമം തുടങ്ങിയ വിഷയങ്ങളെപ്പറ്റിയുമുള്ള ശാസ്ത്രീയമായ വിവരങ്ങൾ ലളിതവും സുന്ദരവുമായ ഭാഷയിൽ സാമാന്യ ജനങ്ങൾക്ക് മനസ്സിലാക്കുന്നവിധം പ്രതിപാദിക്കുന്ന ഒരു നല്ല കൊച്ചുപുസ്തകമാണിതു്.

തക്ഷശിലായാത്ര

പി. ആർ. പരമേശ്വരൻപിള്ള. എം. ഏ. പി. കെ. ബ്രദേഴ്സ്, കോഴിക്കോട്. പേജ്: 102. വില: 1.75 ന.പ.

1944 ഡിസംബർ മുതൽ മൂന്നുമാസം തക്ഷശിലയിൽവെച്ച് നടന്ന ആക്കിയോളൊജി ട്രെയിനിങ്ങിന്നു് പോകുവാൻ സൌകര്യം ലഭിച്ച ശ്രീമാൻ പരമേശ്വരൻപിള്ള അക്കാലത്തെഴുതിയ യാത്രാനുഭവങ്ങളാണ് ഇപ്പോൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതു്. ചില ഭാഗങ്ങൾ ഡയറിക്കുറിപ്പു മിനുക്കിയപോലെയിരിക്കുന്നുണ്ട്; എങ്കിലും യാത്രാനുഭവങ്ങൾക്ക് സ്വതവേതന്നെ ഒരാകർഷകത്വമുണ്ടല്ലോ. തക്ഷശിലയുടെ പുരാവൃത്തവും അവിടെ പണ്ട് പരിലസിച്ചിരുന്ന വിശ്വവിദ്യാലയത്തെപ്പറ്റിയുള്ള വിവരണവും വിജ്ഞാനപ്രദമായിട്ടുണ്ട്. തക്ഷശിലയിലെ താമസത്തെപ്പറ്റിയുള്ള ഭാഗമായിരിക്കും കൂടുതൽ രസകരം, പ്രത്യേകിച്ചും ഭക്ഷണരീതി, അനുഭവങ്ങൾ മുതലായവ.

ഇന്നത്തെ തക്ഷശില ഒരുവിധം വൃത്തികെട്ടതാണ്. ദുർഗ്ഗന്ധം വമിക്കുന്ന ഒരോടനടുവിൽക്കൂടെപ്പോകുന്ന റോഡും ഈച്ച നിറഞ്ഞ ഇറച്ചിക്കടകൾക്ക് തൊട്ടുള്ള ഹൽവക്കടയും ലേഖകൻ കാണുന്നുണ്ട്. ടോങ്കയിലും ഒട്ടകപ്പുറത്തും കഴുതപ്പുറത്തും ജനങ്ങൾ സഞ്ചരിക്കുന്നു. സ്ത്രീകൾ അബലകളല്ല, സൌന്ദര്യവും ആരോഗ്യവും തികഞ്ഞവർ ധാരാളമാണ്. വർണ്ണഭംഗിയുള്ള ശരായിയും കൈ നീണ്ട ജൂബ്ബയും അതിനുമീതെ പിന്നിലേയ്ക്കു് തുമ്പുകൾ ഇട്ടുകൊണ്ടുള്ള ഉത്തരീയവുമാണവരുടെ വേഷം. വസ്ത്രം മുഴവനഴിച്ച് പരിപൂർണ്ണനഗ്നകളായിട്ടാണ് അവർ ആറ്റിൽക്കുളിക്കുക, ശ്രീകൃഷ്ണൻെറ കാലത്തെ ഗോപസ്ത്രീകളെപ്പോലെ തുണി അലക്കുന്നതു് കല്ലിൽവെച്ച് തടിക്കഷണംകൊണ്ട് തല്ലിയിട്ടാണത്രെ. ഇത്തരം രസകരവും വിജ്ഞാനപ്രദവുമായ പലതും ഇതിലുണ്ട്.

സർമോർട്ടിമർ വീലറുടെ കീഴിൽ പരിശീലനം നടത്തുവാൻ സാധിച്ച ലേഖകൻ പുരാണ വസ്തുഗവേഷണത്തെപ്പറ്റിപ്പറയുന്ന ഭാഗവും ശ്രദ്ധാർഹം തന്നെ.

ഡോ: കെ. കെ. രാജാ.



അഭിപ്രായത്തിനുകിട്ടിയ പുസ്തകങ്ങൾ

ആദം ഉർംവാസ്: പരി: എ. ബാലകൃഷ്ണപിള്ള; സൂതിശാസ്ത്രം, ഹെലൻ തോമസ്; ഈജിപ്ഷ്യൻ സാഹിത്യചരിത്രം: കൃഷ്ണചൈതന്യ; താഴ്‌വരകൾ: വെട്ടൂർ രാമൻനായർ; വിചാരശൈലി: കൊട്ടപ്പുന്ന ഗോവിന്ദഗണകൻ; പ്രസാ: നാഷനൽ ബുക്‌സ്റ്റാൾ, കോട്ടയം.

രണ്ടുകൊല്ലം നേതാജിയോടൊപ്പം: നാരായണമേനോൻ; നാകവേശ്യകൾ: ചങ്ങമ്പുഴ ശ്രീകുമാർ; ജീവിതവിജയം: മീശാൻ; കലാകാരൻ: മണിപ്പുഴ വാസുദേവൻനായർ. പ്രസാ: മംഗളോദയം ലിമിററഡ്, തൃശ്ശൂർ.

ബിസിനസ്സുകാരൻ: മാധവ്. പ്രസാ: ദേശാഭിമാനി പ്രിൻറിങ്ങ് & പബ്ലിഷിംഗ് ഹൌസ്, കോഴിക്കോട്.

കമ്മ്യൂണിസവും ക്രിസ്തുമതവും: കെ. ദാമോദരൻ; ആദാമിൻെറ സന്തതികൾ: ഏ. ആർ. വാസുദേവ്; നുകത്തിന്നടിയിൽ: പരി: സുഭദ്രാ പരമേശ്വരൻ; പ്രസാ: പ്രഭാത് ബുക്‌ഹൌസ്, എറണാകുളം.

തുറന്ന വാതിൽ: ഹെലൻകെല്ലർ; നാളത്തെ പുലരി: തോമാസ് ഏ ഡുലി; വീണ്ടും റഷ്യയിൽ: ലൂയീഫിഷർ; ഭയത്തിന്റെ ചങ്ങല: എൻ. നരക്കോവ്. പ്രസാ: പേൾ പബ്ലിക്കേഷൻസ് പ്രൈവററ് ലിമിററഡ്, ബോമ്പെ–1.

Jaya Keralam, Oct 2, 1959 BK

റാണി

ഗ്രന്ഥകർത്താവ്: എ. പി. ചെല്ലപ്പൻ നായർ. വിതരണക്കാർ: പരിഷത് ബുക്ക്സ്റ്റാൾ, എറണാകുളം.
പേജ്: 112. വില: 1.50

ഈ പുസ്തകം എഴുതാൻ ഇടവരുത്തിയ സാഹചര്യങ്ങളെക്കുറിച്ച് ശ്രീ. ചെല്ലപ്പൻ നായർ മുഖവുരയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "മൂന്നോ നാലോ വർഷങ്ങളേ ആയിട്ടുള്ളു. എന്റെ നിത്യവൃത്തിയായ തൊഴിൽ ഗവർമ്മേൻറു മാനുവലുകളും സെൻസസുകളും പരിശോധിക്കുകയായിരുന്നു. മൂന്നു കൊല്ലക്കാലം ഗ്രന്ഥശാലകളിൽ കയറി ഇറങ്ങി അവ ശേഖരിച്ചു. എനിക്കു കൗതുകകരമായി തോന്നിയ ഒരു വിഷയം ഞാൻ കണ്ടെത്തി. തിരുവിതാംകൂറിലെ ആദിമനിവാസികളിൽപ്പെട്ട മലപ്പണ്ടാരം പാലിയൻ മുത്തുവൻ തുടങ്ങിയ മനുഷ്യവർഗ്ഗങ്ങൾ എൻെറ ശ്രദ്ധയിൽപെട്ടു. കാടിൻെറ മദ്ധ്യത്തിലും അരുകുകളിലുമായി മൃഗങ്ങളെപ്പോലെ ജീവിച്ചുപോരുന്ന ആ പാവപ്പെട്ടവരെപ്പററി ഞാൻ കുറെ ലേഖനങ്ങൾ എഴുതി. ആ ലേഖനങ്ങൾ വായനക്കാരെ ഒട്ടും രുചിപ്പിച്ചില്ല. ഞാൻ ആ സാഹസകൃത്യം നിർത്തി. എങ്കിലും ആ വർഗ്ഗത്തെക്കുറിച്ചൊരു നോവൽ എഴുതണമെന്ന വാശി എനിക്കുണ്ടായി. ഞാനീ നോവലെഴുതി." ഈ പുസ്തകം വായിച്ചു കഴിയുമ്പോൾ ശ്രീ. ചെല്ലപ്പൻനായരുടെ വാശികൊണ്ടു് വലിയ ലാഭമൊന്നും ആർക്കും സിദ്ധിച്ചിട്ടില്ലെന്നു് വിചാരിക്കാനാണു് കൂടുതൽ ഇട കാണുന്നതു്. മദ്ധ്യതിരുവിതാംകൂറിലെ വനപ്രദേശങ്ങളിൽ വസിക്കുന്ന മലവർഗ്ഗക്കാരെക്കുറിച്ചു് കുറെയൊക്കെ പഠിക്കുന്നതിനും വിവരങ്ങൾ ശേഖരിക്കുന്നതിനും സാധിച്ചിട്ടുള്ള ഒരാളെന്ന നിലയിൽ എനിക്കു് ഈ പുസ്തകത്തിൽ പല കുറവുകളും കണ്ടെത്താൻ സാധിച്ചിട്ടുണ്ടു്. ഇതിൽ പരാമർശിച്ചിട്ടുള്ള മലവർഗ്ഗക്കാരുടെ ജീവിതത്തെ ശുദ്ധമായ നിലയിൽ അവതരിപ്പിച്ചു് അവരുടെ ആചാരക്രമങ്ങളോ വിശ്വാസങ്ങളോ വ്യക്തമാക്കാൻ ഇതിൻെറ കർത്താവിനു് കഴിഞ്ഞിട്ടില്ല. ഒരുത്തരെക്കുറിച്ചു പൂർണ്ണമായ ചിത്രം നമുക്കു് ലഭിക്കുന്നുമില്ല. തിരുവിതാംകൂറിലെ വനങ്ങളിൽ കയറിയിറങ്ങിയിട്ടുള്ള ഒരാളിനു് ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള കാനനപശ്ചാത്തലവിവരണങ്ങൾ വളരെ മോശമാണെന്നേ പറയാനൊക്കൂ. അവിടെ കാണപ്പെടുന്ന വൻവൃക്ഷങ്ങളും, ലതകളും, കാട്ടുചെടികളും മററും മററും ഇതിൽ കടന്നുവന്നിട്ടുമില്ല. അതങ്ങിനെ നില്ക്കട്ടെ.

ഒരു നോവലെന്നാണു് പുസ്തകത്തെക്കുറിച്ചു് പറഞ്ഞിട്ടുള്ളതെങ്കിലും പരസ്പരബന്ധമില്ലാത്ത നാലഞ്ചു കഥകളാണു് ഇതിൽ പ്രതിപാദിച്ചിരിക്കുന്നതു്. കട്ടുതിന്നുന്ന "മരിയമ്മയും" കാമുകിയെ തിരക്കിത്തിരക്കി അലഞ്ഞുതിരിയുന്ന ചാത്തൻ കേളുവും പുലിശല്യമൊഴിക്കുന്നതിനായി ഗുരുതിയ്ക്കു് വിധേയനായിത്തീരുന്ന ചെറുപ്പക്കാരനും മററും അവരവരുടേതായ കഥകളിൽ പ്രത്യക്ഷപ്പെടുന്നുണ്ടു്. പക്ഷേ ഇവയ്ക്കൊന്നിനും പ്രധാനകഥയായ റാണിയുടെ ജീവിതവുമായി ബന്ധമൊന്നുമില്ല. വാസ്തവത്തിൽ പുസ്തകത്തിൻെറ മുക്കാൽ പങ്കു വായിച്ചുകഴിയുമ്പോൾ മാത്രമാണു് റാണിയെക്കുറിച്ചുള്ള പരാമർശനം ഉണ്ടാകുന്നതുതന്നെ. അവളുടെ പേരുതന്നെ മലവർഗ്ഗക്കാരുടെ ഇടയിൽ കേൾക്കാൻ കഴിയുന്ന ഒന്നല്ല. ഒന്നു രണ്ടു സ്വതന്ത്രങ്ങളായ കഥകളെന്ന രൂപത്തിൽ വേണ്ടവിധം പരിഷ്കരിച്ചു് എഴുതിയിരുന്നെങ്കിൽ ഇതിലെ കഥകൾക്കു് കൊഴുപ്പും അഴകും ഉണ്ടാകുമായിരുന്നു എന്നെനിക്കു തോന്നി. വാസ്തവികതയും വല്ലാതെ കുറഞ്ഞ തോതിലാണു് ഇതിൽ കാണപ്പെടുന്നതു്.

ഭാഷാപ്രയോഗവൈകല്യങ്ങൾ ഈ പുസ്തകത്തിൻെറ ഓരോ താളിലും കാണാൻ ഉണ്ടു്. കഥാകാരൻ കുറെക്കൂടി കരുതിയാൽ ഒട്ടുമുക്കാലും തിരുത്താവുന്നവയുമാണു്. പുസ്തകരൂപത്തിൽ പുറത്തിക്കുമ്പോൾ അതു ശ്രദ്ധിക്കേണ്ടതല്ലേ? കഥാമൂല്യം ഉണ്ടായിരുന്നാലും ഇത്തരം ഗ്രന്ഥങ്ങളെ സാഹിത്യമെന്ന നിലയിൽ അംഗീകരിക്കുന്നതിനു് ആളുകൾ വിസമ്മതിച്ചാൽ അതിനു് ആരേയും പഴിക്കേണ്ട കാര്യമില്ല.

— കോന്നിയൂർ നരേന്ദ്രനാഥ്

Jaya Keralam, Nov 7, 1959

രാജനീതി

വിവർത്തനം: പി. സി. ദേവസ്യ.
പേജ്: xviii+iii+ 171; വില: 3. ക.
പ്രസാധകർ: സാഹിത്യപരിഷത്സഹകരണ സംഘം, എറണാകുളം.

മാക്യവെല്ലിയുടെ വിശ്വവിഖ്യാതമായ 'ദി പ്രിൻസ്' എന്ന രാഷ്ട്രമീമാംസാഗ്രന്ഥത്തിൻെറ വിവർത്തനമാണ് 'രാജനീതി' എന്ന ഈ ഗ്രന്ഥം. കേന്ദ്രസാഹിത്യഅക്കാഡമിയുടെ ആഭിമുഖ്യത്തിൽ ഭാരതത്തിലെ എല്ലാ പ്രധാന ഭാഷകളിലും വിവർത്തനം ചെയ്ത് പ്രസിദ്ധപ്പെടുത്തുന്ന പദ്ധതിയനുസരിച്ച് ഇതു് മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുകയാണ്. രാഷ്ട്രീയാധികാരം കരസ്ഥമാക്കുകയും പുലർത്തിക്കൊണ്ടു പോകുകയും ചെയ്യുന്നതിനുള്ള സാങ്കേതികോപായങ്ങളും തന്ത്രഭേദങ്ങളും വിവരിക്കുന്ന ഈ കൃതി നാലു നൂറ്റാണ്ടിലധികമായി പാശ്ചാത്യമീമാംസയുടെ പ്രമാണഗ്രന്ഥമായിട്ടാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളതു്. പിയറോദിമെദിച്ചിയുടെ പുത്രൻ മഹാനുഭാവനായ ലോൻസോവിനു്, തിരുവുള്ളം സമ്പാദിക്കുന്നതിനായി, മഹാന്മാരുടെ കർമ്മങ്ങളെപ്പററി സ്ഥിരോത്സാഹത്തോടുകൂടി ദീർഘകാലം നിരീക്ഷണം നടത്തിയും ചിന്തിച്ചും മാക്യവെല്ലി തയ്യാറാക്കി സമർപ്പിച്ചതാണ് ഈ ഗ്രന്ഥം.

ഫ്ളോറൻസിൽ പുരാതനവും കുലീനവുമായ ഒരു കുടുംബത്തിൽ 1467 മേയ്മാസം 3-ാം തീയതിയാണ് ഈ വിഖ്യാതഗ്രന്ഥത്തിന്റെ കർത്താവായ മാക്യവെല്ലി ജനിച്ചതു്. 29-ാമത്തെ വയസ്സിൽ സ്വന്തം നഗരത്തിന്റെ കാര്യങ്ങളിൽ അദ്ദേഹം ഉത്സാഹപൂർവ്വം പ്രവർത്തിച്ചു തുടങ്ങി. അന്നു് ഫ്ളോറൻസ് സ്വതന്ത്രമായ ഒരു സിററിസ്റ്റേററായിരുന്നു. 1488–ൽ രണ്ടാം ചാൻസലറിയുടെ സെക്രട്ടറിയായി. അതുകൂടാതെ അനവധി പ്രത്യേക കർത്തവ്യങ്ങളിൽ സർക്കാർ അദ്ദേഹത്തെ നിയോഗിച്ചിട്ടുണ്ടു്. ഇവയിൽനിന്നെല്ലാം അദ്ദേഹം നേടിയ അനുഭവങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം സ്ഥിരമായ ചില വിശ്വാസങ്ങളിലെത്തി. 1572–ൽ പോപ് ജൂലിയസ് രണ്ടാമൻ സ്പെയിനും വെനീസുമായി ഒരു സഖ്യമുണ്ടാക്കി. അതു് ഇററലിയിൽ ഫ്രാൻസിൻെറ പരാജയത്തിനും അവരുടെ അധികാരത്തിൽനിന്നു് മിലാൻ വിട്ടുകളയുന്നതിനും ഇടയുണ്ടാക്കി. മാക്യവെല്ലിക്കു് അദ്ദേഹത്തിൻെറ ഔദ്യോഗികസ്ഥാനം നഷ്ടമാകാനും കാരാഗൃഹവാസം അനുഭവിക്കാനും ഇടവന്നു. എന്നാൽ അധികം താമസിയാതെ നിരപരാധിയെന്നു കാണുകയാൽ അധികാരികൾ അദ്ദേഹത്തെ മോചിപ്പിച്ചു. ഫ്ളോറൻസ് വിട്ടുള്ള ഒരു ഗ്രാമപ്രദേശത്തു് ഏകാന്തവാസത്തിനാണ് മാക്യവെല്ലി തീരുമാനിച്ചതു്. ഈ കാലഘട്ടത്തിൽ റോമൻ ചരിത്രകാരന്മാരുടെ കൃതികളുടെ പഠനത്തിൽ മുഴുകി. 1513 ജൂലൈയ്ക്കും ഡിസംബറിനുമിടയിൽ 'ദി പ്രിൻസ്' എഴുതി. ഇതു കൂടാതെ മററു കൃതികളും അന്നു് അദ്ദേഹം രചിക്കുകയുണ്ടായിട്ടുണ്ടു്. 1527 ജൂൺ 20–ാം... മാക്യവല്ലി ഇഹലോകവാസം വെടിഞ്ഞു. ഇതാണ് അദ്ദേഹത്തിൻെറ സംഭവബഹുലമായ ജീവിതകഥയുടെ രത്നച്ചുരുക്കം.

ധർമ്മശാസ്ത്രത്തിൽനിന്നു വ്യതിരിക്തമായി ബുദ്ധിപരമായ വ്യാപാരമെന്ന നിലയിൽ ഗ്രഹിക്കപ്പെടുന്ന ഒരു പുതിയ ശാസ്ത്രത്തിന്റെ – രാഷ്ട്രീയമീമാംസയുടെ – സ്ഥാപകനായിട്ടാണ് മാക്യവെല്ലിയെ പാശ്ചാത്യനിരൂപകന്മാർ പരിഗണിക്കുന്നതു്. അദ്ദേഹം ഒരിക്കലും സങ്കല്പചരനായ സിദ്ധാന്തവാദിയായിരുന്നില്ല. ഈശ്വരൻെറ കാര്യം മാററിവെച്ചിട്ട് മനുഷ്യനിൽ മാത്രം അവധാനം കേന്ദ്രീകരിച്ചിരുന്ന സമകാലികദർശനത്തോടു് ഇണങ്ങിപ്പോകുന്നതാണ് അദ്ദേഹത്തിൻെറ ചിന്താഗതി. പാരമ്പര്യപ്രകാരമുള്ള മതപരമായ വീക്ഷണഗതിയെ അദ്ദേഹം തിരസ്കരിച്ചെന്നു പറയാം. എന്നാൽ അതിന്നു പകരം പുതിയതായിട്ടെന്തെങ്കിലും അദ്ദേഹം ഉന്നയിക്കുന്നതിൽ വിജയിച്ചില്ല, ബഹുജനക്ഷേമത്തിന്നാവശ്യമായി വരുമ്പോൾ വ്യക്തിയുടെ സ്വാതന്ത്ര്യനിശ്ചയം ബലികഴിക്കേണ്ടിവരുമെന്നു് അദ്ദേഹം ഉറപ്പിച്ചു പ്രഖ്യാപിക്കുന്നു. രാഷ്ട്രത്തിൻെറ താല്പര്യങ്ങൾക്കെതിരായി ഒരിക്കലും നിന്നുകൂടാ വ്യക്തിയുടെ പ്രവൃത്തി. ഇരുവരുടേയും ആവശ്യങ്ങൾക്കു മുമ്പിൽ വ്യക്തിയുടെ സ്വാർത്ഥം വഴിമാറിക്കൊടുത്തേ പററു. ഇതാണ് മാക്യവെല്ലിയുടെ ചിന്തയുടെയും ബോധത്തിൻെറയും സാരാംശം. ദൃഢനിശ്ചയപൂർവ്വമായ അദ്ദേഹത്തിൻെറ അശുഭാപ്തിവിശ്വാസത്തിൽ വിനയസദൃശമായ ഒരു വിഷാദാത്മകത കാണാം.

മാക്യവെല്ലിയുടെ കൃതിയുടെ ശാസ്ത്രീയമൂല്യം പ്രഖ്യാപിക്കാനും അതിന്റെ ഊർജ്ജസ്വലമായ മൂല്യനിർണ്ണയത്തിനു് പ്രചോദനം നല്കുവാനും തുനിഞ്ഞ ആദ്യത്തെ നിരൂപകൻ ഫ്രാൻസെസ്കോ ദെ സാൻക്തീസ് ആയിരുന്നു. ആധുനികസംസ്കാരത്തിനു് ഒരു സാക്ഷാൽ സംഭാവനയായിട്ടാണ് മാക്യവെല്ലിയുടെ കൃതിയെ അദ്ദേഹം വീക്ഷിക്കുന്നതു്. "ഈ ലോകജീവിതത്തിൽ വീണ്ടും വിശ്വസിക്കുന്നതിനും അതിന്നൊരുദ്ദേശം പ്രദാനംചെയ്യുന്നതിനും, ഉത്തരവാദബോധം വീണ്ടെടുക്കുന്നതിനും ആഭ്യന്തരശക്തി പുനഃസ്സമാർജ്ജിക്കുന്നതിനും മനുഷ്യനെ അവൻെറ സകലവിധമായ ഗൌരവത്തിലും, കർമ്മങ്ങളിലും പുനഃപ്രതിഷ്ഠിക്കുന്നതിനും" അതു് പ്രേരിപ്പിക്കുന്നു.

എല്ലാ പ്രധാനഭാരതീയഭാഷകളിലേക്കും വിവർത്തനംചെയ്യപ്പെടുന്ന ഈ വിശിഷ്ടകൃതിയുടെ പതിപ്പുകൾക്കുവേണ്ടി സാഹിത്യ അക്കാഡമിയുടെ അപേക്ഷയനുസരിച്ച്, മദ്ധ്യവിദൂരപൂർവ്വദേശങ്ങൾക്കുവേണ്ടിയുള്ള ഇറ്റാലിയൻ ഇൻസ്റ്റിറ്റ്യൂട്ട് വിശിഷ്ടമായ ഒരു ഉപോദ്ഘാതം സംഭാവനചെയ്തിട്ടുള്ളതു് ഈ പതിപ്പിലും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിൽ മാക്യവെല്ലിയെ സംബന്ധിച്ച് സാധാരണക്കാർ അറിയേണ്ട എല്ലാക്കാര്യങ്ങളും വളരെ ഭംഗിയായി പ്രസ്താവിച്ചിട്ടുണ്ടു്. 'രാജനീതി'യുടെ തർജ്ജമയിൽ കൗടില്യൻെറ അർത്ഥശാസ്ത്രത്തിലെ പല സാങ്കേതികസംജ്ഞകളും ഉപയോഗിച്ചിരിക്കുന്നു എന്നു് വിവർത്തകൻെറ കുറിപ്പിൽ വ്യക്തമാക്കിയിരിക്കുന്നു. വിവർത്തകനായ ശ്രീ. പി. സി. ദേവസ്യ, അദ്ദേഹം ഏറ്റെടുത്തിട്ടുള്ള കൃത്യം പ്രഗത്ഭമായി നിർവ്വഹിച്ചിട്ടുണ്ടെന്നു് ഇതിലെ ഓരോ പുറവും പ്രഖ്യാപിക്കുകയാണ്. മൂലകൃതിയുടെ ഗൗരവം യാതൊരു വിധത്തിലും ക്ഷയിച്ചുപോകാത്ത തരത്തിലുള്ള അന്തസ്സുള്ള ഒരു ഭാഷാശൈലി വിവർത്തകൻ സ്വീകരിക്കുന്നു. വിശ്വവിശ്രുതങ്ങളായ ഉത്തമഗ്രന്ഥങ്ങൾ ഏതു വിധത്തിലായിരിക്കണം വിവർത്തനംചെയ്യേണ്ടതു് എന്നുള്ളതിനു് ഇതു് ഒരു മാതൃകയായിട്ടുണ്ടു് എന്നു പറയുവാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. രാഷ്ട്രീയകാര്യങ്ങളിൽ വമ്പിച്ച താല്പര്യം നമ്മുടെ നാട്ടുകാർ പ്രദർശിപ്പിക്കുന്നുണ്ടല്ലോ. ഗൗരവപൂർവ്വം രാഷ്ട്രീയകാര്യങ്ങളെ വീക്ഷിക്കുന്ന ഏതൊരാളും "രാജനീതി" പഠിക്കുന്നതു് എല്ലാംകൊണ്ടും നന്നായിരിക്കും. നാം നേടിയിട്ടുള്ള സ്വാതന്ത്ര്യത്തെ പുലർത്തുന്നതിനു മാത്രമല്ല, നാം വിഭാവനംചെയ്യുന്ന തരത്തിൽ അതിനെ രൂപപ്പെടുത്തുന്നതിനും ഉള്ള ബലവും അച്ചടക്കവും നേടുന്നതിനു് അതു് സഹായിക്കും എന്നു പറയുന്നതിൽ തെറ്റില്ല.

കോന്നിയൂർ നരേന്ദ്രനാഥ്

ഇരുപതു ബാലകഥകൾ

പരി: എം. കെ. മാധവൻനായർ.
പ്രസാ: സാഹിത്യപ്രവർത്തകസഹകരണസംഘം. (1958). വില: 0.75
പേജ് 68.

ഇൻഡ്യാ ഗവൺമെൻറിൻെറ സമ്മാനം കിട്ടിയിട്ടുള്ള ബാലസാഹിത്യകൃതികളിൽപെട്ട ഒന്നാണിതു്. മുകുൾഭായ്കലാർത്ഥിയാണ് മൂലഗ്രന്ഥകാരൻ. 20 കഥകളിൽ ചിലതൊന്നും കഥയെന്നു പറവാൻ അർഹതയുള്ളവയല്ല. ചില സദാചാരപാഠങ്ങൾ കാണിക്കുന്ന അനുഭവഭാഗങ്ങൾ എന്നേ പറഞ്ഞുകൂടൂ. 'കുളത്തിൽ പോയതും നീർക്കോലിയെ കണ്ടതും' എന്ന ശീർഷകം കൊടുത്തു അഞ്ചെട്ടു വാക്യമെഴുതിയാൽ ഇതിലടങ്ങിയ ചില 'കഥ'കളുടെ രൂപം കിട്ടും. സന്മാർഗ്ഗോ

കേരളത്തിൻെറ വീരപുത്രൻ

ഗ്രന്ഥകർത്താ: വി. എസ്സ്. കേരളീയൻ. പ്രസാധകന്മാർ: കെ. ആർ. ബ്രദേഴ്സ്, കോഴിക്കോട്– വില 6ക.

കേരളത്തിൻെറ രാഷ്ട്രീയജീവിതത്തിൽ ഒരു കൊടുങ്കാററു സൃഷ്ടിച്ച വീരയോദ്ധാവാണ് പരേതനായ മുഹമ്മദ് അബ്ദുറഹിമാൻ സാഹേബ്. അദ്ദേഹത്തെ സംബന്ധിച്ച മധുരസ്മരണകൾ മലനാട് എന്നും ആവേശപൂർവ്വം അയവിറക്കും. അത്രയും വിവേകിതയും വിപ്ലവാവേശവും ഉൾക്കൊണ്ട രാഷ്ട്രീയ നേതാക്കൾ കേരളത്തിൽ വേറെ അധികം പേർ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല. മാതൃഭൂമിയുടെ മോചനത്തിന്നുവേണ്ടി അദ്ദേഹം ആജീവനാന്തം സമരംചെയ്തു. ആ സമരാങ്കണത്തിൽവെച്ചുതന്നെ ദേഹത്യാഗം ചെയ്യുകയും ചെയ്തു. ഏതിലുംമീതെ ആന്തരാത്മാവിൻെറ ആഹ്വാനങ്ങൾക്കനുസരിച്ചു പ്രവർത്തിച്ചിരുന്ന ആ വീരയോദ്ധാവിന്നു അടർക്കളത്തിൽ സ്വന്തം ചേരിയിൽതന്നെ അരാതികളുണ്ടായിരുന്നു. എന്നാൽ അബ്ദുറഹിമാൻെറ ആദർശനിഷ്ഠക്കും ആത്മവീര്യത്തിന്നും അത്തരം പ്രതികൂലസാഹചര്യങ്ങളൊന്നും പ്രതിബന്ധമായില്ല. കോൺഗ്രസ്സിന്റെ സമുന്നതാദർശങ്ങൾ സാമൂഹ്യജീവിതത്തിന്റെ ഉപരിതലങ്ങളിൽ മാത്രം തടംകെട്ടിനിന്നിരുന്ന കാലത്തു് അവയെ താണവീഥികളിലേക്കു തിരിച്ചുവിടുന്നതിന്നും അങ്ങനെ നമ്മുടെ സ്വാതന്ത്ര്യസമരത്തിന്നു കേരളത്തെസംബന്ധിച്ചിടത്തോളം ഒരു ബഹുജനമുന്നേററത്തിൻെറ കരുത്തും കർമ്മശക്തിയും നൽകുന്നതിന്നും ആ നിസ്വാർത്ഥസേവകൻ ഹൃദയത്തിൻെറ ഓരോ സ്പന്ദങ്ങളെയും വിനിയോഗിച്ചു. അബ്ദുറഹിമാൻസാഹിബ്ബിന്റെ പ്രവൃത്തികളുടെ ന്യായ്യാന്യായ്യതകൾ കേരളരാഷ്ട്രീയമണ്ഡലത്തിൽ കരുനീക്കംനടത്തുന്നവരാൽ ചോദ്യംചെയ്യപ്പെട്ടേക്കാം. എന്നാൽ ആ പ്രവൃത്തികളുടെ പിന്നിൽ വർത്തിക്കുന്ന ആത്മാർത്ഥതയും ദേശാഭിമാനവും സർവ്വോപരി സ്വാതന്ത്ര്യതൃഷ്ണയും ആരാലും ഒരിക്കലും ചോദ്യംചെയ്യപ്പെടുകയില്ല.

അത്തരത്തിലുള്ള ഒരു ധീരദേശാഭിമാനിയുടെ ഒരു കൊള്ളാവുന്ന ജീവചരിത്രമുണ്ടാവുക എന്നതു് മലയാളസാഹിത്യം കഴിഞ്ഞ പത്തുകൊല്ലമായി പുലർത്തിപ്പോന്ന ഒരു മോഹനസ്വപ്നമായിരുന്നു. ശ്രീ. കേരളീയന്റെ ഈ പുതിയ പുസ്തകത്തിൻെറ പുറപ്പാടോടുകൂടി ആ സ്വപ്നം മിക്കവാറും സഫലമായിത്തീർന്നിരിക്കുന്നു. സാഹേബ്ബിൻെറ ബഹുമുഖമായ പൊതുപ്രവർത്തനങ്ങളുടെ വിശദമായ വിവരണവും വിലയിരുത്തലുകളും ഈ നിബന്ധത്തിലടങ്ങീട്ടുണ്ടു്. സ്വകാര്യജീവിതത്തിലേക്കും, അദ്ദേഹത്തിന്നു അങ്ങനെ ഒന്നുണ്ടായിരുന്നുവെങ്കിൽ, ധാരാളം വെളിച്ചം പ്രസരിപ്പിച്ചിട്ടുണ്ടു്. അങ്ങനെ പുസ്തകം വായിച്ചുകഴിയുമ്പോൾ അതുലപ്രഭാവനായ ആ വ്യക്തി തൻെറ എല്ലാത്തരം കഴിവുകളോടും കൂടി നിങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. അതേ, നിങ്ങൾ മുഹമ്മദ് അബ്ദുറഹിമാൻ സാഹേബ്ബുമായി നല്ലപോലെ പരിചയപ്പെടുന്നു.

ചരിത്രപുരുഷൻെറ പ്രധാനപ്രവർത്തനരംഗം രാഷ്ട്രീയമണ്ഡലമായിരുന്നുവല്ലോ. സമകാലികരാഷ്ട്രീയ കാര്യങ്ങളെപ്പററി സാമാന്യം വിസ്തൃതമായിത്തന്നെ ഇതിൽ ചർച്ചനടത്തീട്ടുണ്ടു്. ആ ചർച്ച ചില സന്ദർഭങ്ങളിൽ മി. അബ്ദുറഹിമാനെ വായനക്കാരുടെ ദൃഷ്ടിപഥത്തിൽനിന്നു മറച്ചുപിടിക്കുന്നു. വളരെയധികം വ്യക്തികളെ സംബന്ധിച്ച പരാമർശങ്ങൾ ഇതിലുണ്ടു്. അവരുടെ ഒരു കാനേഷുമാരികണക്കെടുത്താൽ ഒരുപക്ഷെ അതു് നമ്മുടെ പൊതുജീവിതത്തിലെ ജനസംഖ്യയുടെ നിസ്സാരമല്ലാത്ത ഒരു ശതമാനത്തോളമുണ്ടാകും.

ലളിതമാണു് ഗ്രന്ഥകാരൻെറ ഭാഷ. ആ ഭാഷക്കു വായനക്കാരന്റെ വൈകാരികമണ്ഡലത്തിലേക്കു സുദൂരം ഇറങ്ങിച്ചെല്ലാൻ കഴിയും. നാനൂറിലേറെ പേജുള്ള ഈ നല്ല പുസ്തകം പൊതുജനങ്ങൾ, പ്രത്യേകിച്ചും രാഷ്ട്രീയകാര്യങ്ങളിൽ അഭിരുചിയുള്ളവർ, നിശ്ചയമായും വായിച്ചിരിക്കേണ്ടതാണു്.

ജി. കെ. എൻ.

ലോകപര്യടനം

തർജ്ജമ: സി. എം. രാജൻ.
പേജ്: V+215. വില: 2ക.
പ്രസാധകർ: കെ. ആർ. ബ്രദേർസ്, കോഴിക്കോട്ട്.

ഈ പുസ്തകം ‘Around the world in Eighty Days’ എന്ന വിഖ്യാതമായ ശാസ്ത്രനോവലിൻെറ തർജ്ജമയാണ്. നമ്മുടെ ഭാഷയിലെ ദരിദ്രമായ ശാസ്ത്രനോവൽ വിഭാഗത്തെ അല്പമെങ്കിലും സമ്പന്നമാക്കാൻ ഉപകരിക്കുമെന്നുള്ള വിശ്വാസത്താലാണു് ശ്രീ. രാജൻ ഈ തർജ്ജമക്കു് തയ്യാറായിട്ടുള്ളതെന്നു് ആദ്യമേതന്നെ പ്രസ്താവിച്ചിട്ടുണ്ടു്.

ഭാവനാപരമായ ശാസ്ത്രകഥാസാഹിത്യത്തിൻെറ പിതാവെന്നുകരുതിവരുന്ന ജൂലസ്‌വെർണെയുടെ വിഖ്യാതമായ ഒരു ഗ്രന്ഥത്തിന്റെ വിവർത്തനം ഏതുകൊണ്ടും സ്വാഗതാർഹംതന്നെ. വെർണെ ജീവിച്ചിരുന്ന കാലത്തു് ഭാവനയിൽമാത്രം കാണാൻ കഴിഞ്ഞിരുന്ന കാര്യങ്ങൾ ഇന്നു് വെറും സാധാരണസംഗതികളായി പരിണമിച്ചിട്ടുണ്ടു്. അടുത്തകാലത്തു് ശാസ്ത്രത്തിനുണ്ടായിട്ടുള്ള പുരോഗതിമൂലമാണ് ഇതു് സംഭവിച്ചിട്ടുള്ളതു്. എന്നാൽ ഇന്നും വെർണെയുടെ പ്രപഞ്ചം അദ്ദേഹത്തിൻെറ കൃതികളാകുന്ന കിളിവാതിലുകളിൽകൂടി കാണുന്ന വായനക്കാർക്കു അത്ഭുതവും അതോടൊപ്പം ആനന്ദവും നല്കിവരുന്നു. ഇന്നും അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ പ്രസിദ്ധങ്ങളായിത്തന്നെ തുടരുന്നതിൻെറ പരമാർത്ഥം ഇതിനു സാക്ഷ്യംവഹിക്കുന്നു. യക്ഷികഥകളും മററും എല്ലാക്കാലത്തും മനുഷ്യർ ആസ്വദിച്ചിട്ടുണ്ടു്. ഇന്നും ആസ്വദിക്കുന്നുമുണ്ടു്. അവ കെട്ടിച്ചമയ്ക്കുന്നതിൽ ജന്മനായുള്ള മനുഷ്യഭാവനയെ ശാസ്ത്രജന്യങ്ങളായ ആശയങ്ങൾ സ്വാധീനംചെയ്യാൻ ഇടയായാൽ ഉണ്ടാകാവുന്ന ഫലം ആദ്യമായി കലാഭംഗിയുള്ള സാഹിത്യസൃഷ്ടികളിൽകൂടി ലോകത്തിനു കാഴ്ചവെച്ചതു് വെർണെയാണെന്നു പറയാം. ലക്ഷോപലക്ഷം വായനക്കാർക്കു് അതുവരെ അനുഭവപ്പെട്ടിട്ടില്ലാത്ത അത്ഭുതപ്രപഞ്ചത്തെ ദർശിക്കുന്നതിനു് കവാടങ്ങൾ തുറന്നുവെയ്ക്കുന്നതിനു് അദ്ദേഹത്തിൻെറ കൃതികൾക്കു് സാധിച്ചു. ധ്രുവമേഖലയിലെ ആഴിയുടെ അടിത്തട്ടിലുള്ള അത്ഭുതലോകവും ഭൂമിയുടെ അന്തർഭാഗവും ആഫ്രിക്കയെ സംബന്ധിച്ചു് വിസ്മയമുളവാക്കുന്ന ചിത്രങ്ങളും മററും മററും കഥാസാഹിത്യംവഴി ആസ്വദിക്കുന്നതിനു് അദ്ദേഹം കളമൊരുക്കി. അദ്ദേഹത്തിൻെറ ഭാവനാസാമ്രാജ്യം നക്ഷത്രമണ്ഡലത്തേയും അതിലംഘിച്ചുനില്ക്കുന്നുണ്ടെങ്കിലും അതിൻെറ അടിസ്ഥാനം ശാസ്ത്രത്തിൻെറ സാദ്ധ്യതാമേഖലയിൽ ആണു് ഉറപ്പിച്ചിരിക്കുന്നതു്. ശാസ്ത്രതത്വങ്ങളുടെ ശക്തിമത്തായ അടിത്തറയിൽ കെട്ടിയുയർത്തിയിട്ടുള്ള ദന്തഗോപുരം താരാപഥത്തിനുമപ്പുറത്തേക്കു് ഉയർന്നുനില്ക്കുന്നതു കാണുവാൻ സാധാരണക്കാർ അദ്ദേഹത്തെ ആദ്യമായി ആശ്രയിച്ചതിൽ അത്ഭുതപ്പെടാനില്ല. ലഭ്യമായിരുന്ന എല്ലാ വിശേഷവിവരങ്ങളും അദ്ദേഹം സമ്പാദിച്ചു് സാഹിത്യസൃഷ്ടിക്കു് പ്രയോജനപ്പെടുത്തി. ഇരുപതിനായിരത്തിൽപരം ശാസ്ത്രീയക്കുറിപ്പുകൾ അദ്ദേഹത്തിൻെറ സ്വകാര്യക്കുറിപ്പുകളിൽനിന്നു് കണ്ടുകിട്ടിയിട്ടുണ്ടെന്നുള്ളതു് പ്രത്യേകിച്ചു് പറയാവുന്ന സംഗതിയാണു്. “ഭൂമിക്കു ചുററും എൺപതുദിവസംകൊണ്ടു”! വായനക്കാരെ ആദ്യമായി യാത്രചെയ്യിപ്പിച്ചതു് അദ്ദേഹമാണു്. ഇന്നു് ഭൂമിയെ പ്രദക്ഷിണം ചെയ്യുവാൻ അതിൻെറ പത്തിലൊരംശം സമയംപോലും ആവശ്യമില്ല. എന്നാൽ അതു് പ്രസിദ്ധീകരിച്ചകാലത്തു് അതു് മഹാത്ഭുതമായിരുന്നു. ഇന്നും ഇതു വായിക്കുമ്പോൾ അന്നത്തെ വായനക്കാരനുണ്ടായ വികാരങ്ങൾ നമുക്കു് ഉണ്ടാകുമെന്നുള്ളതു് സംശയമറ്റ സംഗതിയാണു്. ഈ നോവലിനെ സാമാന്യം ഭംഗിയായിത്തന്നെ ശ്രീ. രാജൻ പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. അവതാരികയിൽ ഗോവിന്ദൻകുട്ടിനായർ, അവക്രലളിതമായ അദ്ദേഹത്തിൻെറ ഭാഷാരീതി തികഞ്ഞ ഓമനത്വവും അതേ അവസരത്തിൽ നല്ല ഓജസ്സുള്ളതുമാണു് എന്നു് പ്രസ്താവിച്ചിരിക്കുന്നതിനോടു് നമുക്കും യോജിക്കുന്നതിനു് വിഷമം ഉണ്ടാകുകയില്ല. ശാസ്ത്രസാഹിത്യവിഭാഗത്തിൽ താല്പര്യമുള്ള ശ്രീ. രാജൻ വെർണെയുടെ മററു വിഖ്യാതങ്ങളായ ഗ്രന്ഥങ്ങളുടെതർജ്ജമക്കു് മുതിരുമെന്നു നമുക്കു് പ്രതീക്ഷിക്കാം.

കോന്നിയൂർ നരേന്ദ്രനാഥ്

അഭിപ്രായത്തിനു കിട്ടിയ പുസ്തകങ്ങൾ

ആനക്കാരൻ: കാരൂർ; (1) കേരളഭാഷാവികാസപരിണാമങ്ങൾ (2) കോകസന്ദേശം: ഇളങ്കുളം കുഞ്ഞൻപിള്ള; കളിത്തട്ട്:

(ശേഷം 29-ാം പേജിൽ)

Jaya Keralam, Jan 9, 1960 BR

എൻെറ വിദേശപര്യടനത്തിലെ ചില ഏടുകൾ

ഗ്രന്ഥകാരൻ: എ. കെ. ഗോപാലൻ. പേജ്: 96. വില: 1ക. 25 ന.പ.
പ്രസാധകർ: കൈരളീസഹകരണസംഘം, കോഴിക്കോട്ട്.

ബൾഗേറിയ, പോളണ്ടു്. ഈജിപ്റ്റ്, ഇററലി, ഫ്രാൻസ്, ഇംഗ്ലണ്ടു്, ചെക്കോസ്ലാവാക്യ, ഹങ്കറി എന്നീ നാടുകളിൽ സഞ്ചരിക്കാൻ ഇടയായ ലേഖകൻെറ അനുഭവങ്ങളേയും പഠനങ്ങളേയും ആസ്പദമാക്കി എഴുതിയിട്ടുള്ള ലേഖനങ്ങളുടെ സമാഹാരമാണു് ഈ പുസ്തകം. സോവിയററു് യൂനിയനിലെ ചികിത്സയും വിശ്രമവും കഴിഞ്ഞാണു് ലേഖകൻ ബൾഗേറിയ സന്ദർശിച്ചതു്. അദ്ദേഹം അവിടെ സന്ദർശിക്കാനിടയായ സ്ഥലങ്ങളെക്കുറിച്ചൊക്കെ ചില വിവരങ്ങൾ നൽകിയിട്ടുമുണ്ടു്. അവിടത്തെ ജനനേതാക്കന്മാരെക്കുറിച്ചും ജനങ്ങളെക്കുറിച്ചും നാം അറിയേണ്ട പല വിവരങ്ങളും അതിൽനിന്നു് ലഭിക്കും. അവിടത്തെ സഹകരണപ്രസ്ഥാനത്തെപ്പററിയും മററും സാമാന്യമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. അവിടങ്ങളിൽ പുതിയ സമ്പ്രദായങ്ങൾ കൈവരുത്തിയിട്ടുള്ള പരിവർത്തനവും പുരോഗതിയും വെളിപ്പെടുത്തുന്നതിനു വേണ്ട കണക്കുകളും കരുക്കളും ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. പോളണ്ടിനെക്കുറിച്ചുള്ള ലേഖനത്തിൽ, ആ നാട്ടിൽ ഫാസിസ്റ്റാക്രമണകാരികൾ വരുത്തിയ വിനകളെപ്പററി സൂചിപ്പിച്ചശേഷം ഇന്നത്തെ പരിതസ്ഥിതിയെപ്പററി ദീർഘമായി വിവരിച്ചിരിക്കുന്നതു കാണാം. അവിടത്തെ കൈത്തൊഴിൽശാലകൾ, സർവ്വകലാശാലകൾ, ഇരുമ്പ്-ഉരുക്കു് ഫാക്ടറികൾ, യുവജനക്ലബ്ബുകൾ, കായികസമിതികൾ തുടങ്ങി പലതും ശ്രീ. ഗോപാലൻ സന്ദർശിക്കുകയുണ്ടായി. നാസറുടെ നാട്ടിൽ ഇന്ത്യൻ പ്രതിനിധിസംഘത്തിലെ ഒരംഗമെന്ന നിലയിലാണു് ചെന്നെത്തിയതു്. ഈജിപ്റ്റിലെ ചില പ്രധാനപ്പെട്ട സങ്കേതങ്ങൾ സന്ദർശിക്കാൻ ഈ അവസരം അദ്ദേഹം പ്രയോജനപ്പെടുത്തുകയുണ്ടായി. ആകപ്പാടെ പുതിയ ഈജിപ്റ്റിനെക്കുറിച്ച് കുറെയൊക്കെ വിവരങ്ങൾ അദ്ദേഹത്തിൻെറ ലേഖനത്തിൽനിന്നു് നമുക്കു സിദ്ധിക്കും. മനോഹരമായ റോമാപട്ടണത്തെപ്പററിയും ഇററലിയിലെ ഇന്നത്തെ രാഷ്ട്രീയസ്ഥിതിയെക്കുറിച്ചും ചില സൂചനകൾ പിന്നത്തെ ലേഖനത്തിൽ കാണാം. വത്തിക്കാൻ പട്ടണത്തെപ്പററിയും സൂചിപ്പിക്കാതിരുന്നിട്ടില്ല. കഷകൻ അവരുടെ ജീവിതത്തിൽ മുഴുകിക്കഴിയുന്ന ഗ്രാമങ്ങളും അദ്ദേഹം സന്ദർശിക്കുവാൻ വിസ്മരിക്കുകയുണ്ടായില്ല. മണ്ണും മനുഷ്യരും തമ്മിലുള്ള അവിടത്തെ ബന്ധങ്ങളെപ്പററിയുള്ള വിവരങ്ങൾ രസകരമായി പ്രതിപാദിച്ചിരിക്കുന്നു. പിന്നീടു് ലേഖകൻ വിവരിക്കുന്നതു് പാരീസിനെപ്പററിയാണു്. ഫ്രാൻസിലെ കഷകത്തൊഴിലാളിസംഘടനകളെക്കുറിച്ചും കഷകപ്രസ്ഥാനങ്ങളെക്കുറിച്ചും നമുക്കു് ചില സംഗതികൾ അദ്ദേഹം നൽകിയിട്ടുള്ള കാര്യങ്ങളിൽനിന്നു കിട്ടുന്നുണ്ടു്. പാരീസിൽനിന്നു് അദ്ദേഹം പോയതു് ലണ്ടനിലേക്കാണു്. ചെക്കോസ്ലാവാക്യയെസംബന്ധിച്ച് സാമാന്യം ദീർഘമായ ഒരു ലേഖനം ഈ പുസ്തകത്തിലുണ്ടു്. അടുത്ത കാലത്തു് ഏററവുമധികം ഒച്ചപ്പാടുകൾക്കു് ഇടയായിത്തീർന്നിട്ടുള്ള ഹങ്കറിയെപ്പററിയാണു് അവസാനത്തെ ലേഖനം. ഇന്നും വിവാദവിഷയങ്ങളായി ഒട്ടു വളരെ പേർ കണക്കാക്കിയിട്ടുള്ള പല കാര്യങ്ങളും ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്.

ഒരു സാഹിത്യകാരൻേറയോ കലാകാരൻേറയോ വീക്ഷണകോണത്തിൽകൂടിയല്ല ലേഖകൻ ഈ യാത്രാവിവരങ്ങൾ നൽകിയിരിക്കുന്നതു്; തികച്ചും രാഷ്ട്രീയപ്രവത്തകൻ എന്ന നിലയിൽ മാത്രമാണു്. അതിനാൽ അതിൻേറതായ കുറവുകളും മേന്മകളും ഇതിൽ കാണാൻ സാധിക്കുന്നു. എങ്ങിനെയായാലും ഈ കൊച്ചുപുസ്തകം വായിക്കാൻ ചെലവഴിക്കുന്ന സമയം വെറുതെയായിപ്പോയെന്നു് ആർക്കും തോന്നുകയില്ലെന്നു തീർച്ച.

ഗ്രഹാന്തരയാത്ര

ഗ്രന്ഥകർത്താ: പി. ടി, ഭാസ്കരപണിക്കർ.
പേജ്: 80. വില: 1ക.
പ്രസാ: വിദ്യാഭ്യാസപ്രവത്തക സഹകരണ സംഘം, പെരിന്തൽമണ്ണ.

സാമാന്യജനങ്ങൾക്കുവേണ്ടി ഗഹനങ്ങളായ ശാസ്ത്രീയകാര്യങ്ങൾ ലളിതവും രസകരവുമായ വിധത്തിൽ അവതരിപ്പിക്കുന്നതിനുള്ള ശ്രമം ശാസ്ത്രപുരോഗതിയിൽ പിന്നണിയിൽ കിടക്കുന്ന രാജ്യങ്ങളിൽ മാത്രമല്ല നടന്നുവരുന്നതു്. സാങ്കേതികവിജ്ഞാനത്തിലും ശാസ്ത്രഗവേഷണത്തിലും ലോകത്തിനു് നേതൃത്വം നൽകുന്ന രാജ്യങ്ങളിൽപോലും അതു് നടക്കുന്നുണ്ടു്. അത്തരം രാജ്യങ്ങളിലാണു് ഒരുപക്ഷെ അവ കൂടുതൽ കാണപ്പെടുന്നതു്. അമേരിക്കയിലും റഷ്യയിലും പ്രസിദ്ധപ്പെടുത്താറുള്ള ഗ്രന്ഥങ്ങൾ ഇതിന്നു് ഉത്തമോദാഹരണൽതന്നെ. സുപ്രസിദ്ധന്മാരായ ശാസ്ത്രകാരന്മാർതന്നെ ഇക്കാര്യത്തിൽ താല്പര്യം കാണിച്ചുവരുന്നു. മലയാളത്തിലും അടുത്ത കാലത്തു് ശാസ്ത്രസാഹിത്യത്തിൽ എഴുത്തുകാർ താല്പര്യം കാണിച്ചുതുടങ്ങിയിട്ടുണ്ടു് എന്നുള്ളതു് അഭിമാനകരം തന്നെ. എന്നാൽ അത്തരം പ്രയത്നങ്ങളുടെ ഫലം പ്രയോജനപ്പെടുത്തിത്തുടങ്ങിയിട്ടുണ്ടോ നമ്മുടെ ആളുകൾ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ജനങ്ങൾക്കു് അതിൽ ഔൽസുക്യം ജനിപ്പിക്കാൻ വേണ്ടപ്പെട്ടവരെല്ലാം പരിശ്രമിക്കേണ്ടതായിട്ടുണ്ടു്.

'ഗ്രഹാന്തരയാത്ര' എന്ന ഈ കൊച്ചുപുസ്തകത്തിൽ എന്താണു് സ്പേസ്, ആകാശത്തിലേക്കു്, ന്യൂട്ടൻെറ സിദ്ധാന്തങ്ങൾ, മൂന്നു ഘ

ബാററാണില്ലാത്തതു്. എവിടെ, ഇന്ത്യയുടെ ബാററിങ്ങ്നിലവാരം ഉയരുന്നുവോ, അവിടെ ആശക്കു വഴിയുണ്ടെന്നു് ഞാനന്നു പറഞ്ഞതാണു്. ഇന്നും അതാവർത്തിക്കുന്നു. മൂന്നാം ടെസ്റ്റു നടക്കുന്ന ബ്രാബോൺ സ്റ്റേഡിയത്തിൽ ബൌളർമാർക്ക് ഏറെയൊന്നു ചെയ്യാൻ വഴിയുണ്ടാവില്ല. എങ്കിലും ഒരു വലിയ കമ്മിയോടുകൂടി നാലാമതു ബാററു് ചെയ്യേണ്ടിവരുന്ന ഭാഗത്തിനു ആശങ്കക്കു വകയുണ്ടുതാനും. ബോമ്പെ-മദിരാശി ടെസ്റ്റുകൾ സമനിലയിലവസാനിപ്പിക്കാൻ സാധിച്ചാൽ, ഈഡൻ ഗാർഡനിൽ (കൽക്കത്ത) ഒരവസാനയുദ്ധം നടത്താൻ വകയുണ്ടാവും. ആസ്ത്രേലിയയുമായി ഒരു ടെസ്റ്റ് പരമ്പര വിജയിക്കാൻ മോഹിക്കേണ്ട. നല്ലവണ്ണം പൊരുതി തോൽക്കുന്നതുതന്നെ മാനമാണു്. കൂട്ടത്തിൽ കോൺപൂർ സംഭവം ആവർത്തിക്കാൻ കഴിയുന്നതു് അഭിമാനവും.

കോൺപൂരിൽ ജയിച്ച അതേ ടീമിനെത്തന്നെ ബോമ്പെയിലും ഇറക്കുമെന്നാണു് പ്രതീക്ഷിക്കേണ്ടതു്. രാംചന്ദിനെ ഈ പരമ്പരയുടെ മുഴുവനും കേപ്ററനായി നിശ്ചയിച്ചുകൊണ്ടുള്ള അറിയിപ്പ് സ്വാഗതാർഹമാണു്. എന്നാൽ കൺട്രാക്ടർക്കു് ഒരു കൂട്ടുകാരനെ കണ്ടുപിടിക്കാൻ കൺട്രോൾ ബോർഡ് ശ്രമിക്കാത്തതു പരിതാപകരം തന്നെ. രണ്ടു ടെസ്റ്റിലും പന്ത്രണ്ടാമനായിരുന്ന കുന്ദരം ഓപ്പനിങ്ങ് ബാററും വിക്കററു കീപ്പറും ആണു്. ആ രണ്ടിനും ഇന്നാളത്യാവശ്യമാണു് ഇന്ത്യക്കു്. ബെയ്ഗ് ഇംഗ്ലണ്ടിലേക്കു തിരിച്ചുപോകുമ്പോൾ ആ സ്ഥാനത്തു മദിരാശിയിലെ മിൽഖാസിങ്ങിനെ ഒന്നു് പരീക്ഷിച്ചുനോക്കേണ്ടതാണു്. വി. വി. കുമാറോ കൃഷ്ണസ്വാമിയോ പരീക്ഷിക്കപ്പെടാത്തതും കഷ്ടം തന്നെ. സുഭാസ് ഗുപ്തയുടെ അനുജൻ ബാലുഗുപ്തേയും പരിഗണനയർഹിക്കുന്നു. നല്ല ലഗ്സ്പിന്നറുടെ അഭാവം ഇന്ത്യ അനുഭവിക്കുന്നുണ്ടു്. ഗുലാം അഹമ്മദിനു മുമ്പും പിമ്പും നമുക്കു് ഓഫ്സ്പിന്നറുണ്ടായിട്ടില്ല. തൽക്കാലം വിജിഗീഷുവായ പട്ടേലുണ്ടെങ്കിലും അയാൾക്കു് മുപ്പത്തഞ്ചു കഴിഞ്ഞിരിക്കുന്നു പ്രായം. അതുകൊണ്ടു് ഒന്നുകിൽ, പുതുതായി ആരേയുമെടുക്കാതിരിക്കുക. അല്ലെങ്കിൽ നാളെ അത്യാവശ്യം വരുന്ന സ്ഥാനങ്ങൾ സ്വീകരിക്കാൻ കെല്പുള്ളവരെ തിരഞ്ഞുപിടിച്ചു ചേർക്കുക. ഇവഴിലൊരു നയം ബോർഡു സ്വീകരിച്ചാൽ നന്നു്.

കോൺപൂരിലെ വിജയം നമ്മുടെ കളിക്കാരിൽ ആത്മവീര്യം വളർത്താനും, അതവർക്കു കൂടുതൽ നന്നായി കളിക്കാനും പ്രചോദനം നൽകട്ടെ.

—

ങ്ങളായുള്ള യാത്ര, സ്പേസ് സ്റ്റേഷനുകൾ, ചന്ദ്രനിലേയ്ക്കും ഗ്രഹങ്ങളിലേയ്ക്കും പോകാം, ആപേക്ഷികസിദ്ധാന്തത്തിന്റെ വഴിയിൽ കൂടി. സോവിയററ് സയൻസിന്റെ മുന്നേററം, മനുഷ്യനിർമ്മിതമായ ചന്ദ്രൻ, സ്പുട്നിക്ക് നമ്പർ രണ്ട്, സർവ്വദേശീയഭൂശാസ്ത്രവർഷം, കോസ്മിക്ക് റോക്കററ് എന്നിങ്ങിനെ പന്ത്രണ്ട് അദ്ധ്യായങ്ങളുണ്ട്. ആക്കം കൗതുകം ഉളവാക്കുന്ന വിഷയങ്ങളാണ് ഇവയെല്ലാമെന്ന് പറയാം. ഇവയിൽ പ്രതിപാദിച്ചിരിക്കുന്ന ഒട്ടുമുക്കാലും കാര്യങ്ങൾ അതാതു ശാസ്ത്രവിഷയങ്ങളിൽ സാമാന്യമല്ലാത്ത പശ്ചാത്തലമില്ലാത്തവക്ക് മനസ്സിലാക്കാൻ വിഷമമുണ്ടാകുന്ന വിധത്തിലാണ് ചർച്ചചെയ്യിട്ടുള്ളതു്. മലയാളത്തിൽ വിഷമം കൂടാതെ വ്യക്തമാക്കാവുന്ന പല സാങ്കേതികകാര്യങ്ങളും ഇംഗ്ലീഷ് വാക്കുകൾ കലത്തി സങ്കീർണ്ണമായിട്ടാണ് അവതരിപ്പിച്ചിരിക്കുന്നതു്. അതിന്നിവിടെ പ്രത്യേകിച്ച് ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നില്ല. ഈ പുസ്തകത്തിലെ ഓരോ പുറവും അതു് തെളിയിക്കുന്നവയാണ്. ഗ്രന്ഥകാരൻതന്നെ ഇതു് മനസ്സിലാക്കിയിട്ടാവാം, പുസ്തകത്തിന്റെ മുഖവുരയിൽ "ഇതൊരു വരണ്ട പുസ്തകമാണെന്ന് വായിക്കുമ്പോൾ തോന്നും"—എന്ന് ഏററുപറയുന്നതു്. കുറേക്കൂടി മനസ്സിരുത്തി ശ്രമിച്ചിരുന്നെങ്കിൽ അതു് കൂടാതെ കഴിക്കാമായിരുന്ന എന്നാണ് എന്റെ വിശ്വാസം. വായിച്ചുതുടങ്ങിയാൽ ഗഹനങ്ങളായ ശാസ്ത്രഗ്രന്ഥങ്ങളെ ആശ്രയിച്ച് സംശയനിവാരണം വരുത്തി മുന്നോട്ടു പോകുന്നതിന്നു് ആവശ്യമില്ലാത്തതരത്തിൽ വേണമല്ലോ സാധാരണക്കാക്കുവേണ്ടിയുള്ള ഗ്രന്ഥങ്ങൾ രചിക്കാൻ. അല്ലെങ്കിൽ അത്തരത്തിയുള്ള പുസ്തകങ്ങൾ അവർ വായിക്കാൻ മെനക്കെടുകയില്ല.

കോന്നിയൂർ നരേന്ദ്രനാഥ്

1. **പാഞ്ചാലി അഥവാ ദ്രൌപദി** — പേജ്: 88. വില: 1ക.
2. **ദുര്യോധനൻ** — പേജ്: 69, വി: 1ക.
3. **ഭീമസേനൻ** — പേജ്: 80, വില: 1ക.
4. **ഒരു കുട്ടിയുടെ ആത്മകഥ** — പേജ്: 85, വില: 1ക.

നാലിന്റേയും ഗ്രന്ഥകാരൻ: പി. എം. കമാരൻനായർ; പ്രസാധകർ: പി. കെ. ബ്രദേഴ്സ്, കോഴിക്കോട്ട്.

5. **മാണിക്യക്കല്ല്**—കെ. സരള, കറൻറ് ബുക്സ്, തൃശ്ശൂർ. പേജ്: 50, വില: 1ക.
6. **കളിക്കോപ്പ്** — കുഞ്ഞുണ്ണി; പി. കെ. ബ്രദേഴ്സ്, കോഴിക്കോട്ട്, പേജ്: 28. വില: 40 ന.പൈ.

ബാലസാഹിത്യശേഖരത്തിൽ ഉൾപ്പെടുത്താവുന്ന ആറു ചെറു കൃതികൾ. ആദ്യത്തെ മൂന്നും പേരുകൊണ്ടു് സൂചിപ്പിക്കുന്നപോലെ മഹാഭാരത കഥകൾ കുട്ടികൾക്ക് രസമുളവാകത്തക്കവിധം പുനരാഖ്യാനം ചെയ്യിരിയ്ക്കുകയാണ്. പക്ഷെ ബദ്ധപ്പെട്ട തയ്യാറാക്കിയമട്ടുണ്ട്. കുറേക്കൂടി അവധാനതയാകാമായിരുന്നെന്നു തോന്നുന്നു. പഞ്ചാലി അഥവാ ദ്രൌപദി എന്നെന്തിനാണാവോ പ്രയോഗിച്ചിരിക്കുന്നതു്?

'ഒരു കുട്ടിയുടെ ആത്മകഥ' പല നാട്ടുകളേപ്പററിയും ഒരു ലഘു വിവരണം ലഭിക്കാൻ ഉതകുന്ന തരത്തിലാണ് എഴുതപ്പെട്ടിരിക്കുന്നതു്. ഒരു കുട്ടി ലോകം ചുററിസഞ്ചരിച്ച് എഴുതിയ 'ഒരു യാത്രാവിവരണത്തിന്റെ മാതൃകയിലാണ് പ്രതിപാദനം. കപ്പലിലാണ് യാത്ര. അറബിക്കടൽ, ചെങ്കടൽ, സൂയസ്കനാൽ, മദ്ധ്യധരണ്യാഴി, ഇംഗ്ലണ്ട്, അത്ലാന്തിക്ക്സമുദ്രം, ന്യൂയോക്ക്, ജപ്പാൻ, സിങ്കപ്പൂർ, മുതലായവയെപ്പററിയുള്ള ഏകദേശവിവരണം കുട്ടികൾക്ക് ഇതിൽനിന്നു വായിച്ചു മനസ്സിലാക്കാം.

'മാണിക്യക്കല്ല്' കുട്ടികൾക്ക് രസമുളവാകുന്ന ഒരു കഥയാണ്. രാജകുമാരൻ മാണിക്യക്കല്ല് സമ്പാദിക്കാൻ പോകലും അതിനിടയ്ക്ക് നേരിടുന്ന വിഘ്നങ്ങളും തന്മയത്വത്തോടെ ചിത്രീകരിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ശൈലി നന്ന്. ശ്രീദേവന്റെ മുഖചിത്രവും ഭംഗിയായിട്ടുണ്ട്.

ശ്രീ. കുഞ്ഞുണ്ണിയുടെ 'കളിക്കോപ്പ്' മുകളിൽ പറഞ്ഞതിൽനിന്നെല്ലാം വ്യത്യസ്തമത്രേ. അതു് പദ്യമാണ്. കുട്ടികൾക്ക് ചൊല്ലിനടക്കാൻ പററിയ കുട്ടിക്കവിതകളാണിതിൽ. 'ഉത്തരം മുട്ടിയാൽ', 'തല്ലുകൊള്ളിയ്ക്കൽ' 'കുസൃതിക്കുട്ടൻ' എന്നിവ കൊള്ളാം. ഇംഗ്ലീഷിലെ "നഴ്സറി റൈം" എന്ന ശീലിൽപ്പെട്ട കവിതകൾ നമ്മുടെ കവികൾ ധാരാളം എഴുതേണ്ടതാണ്.

ബാലസാഹിത്യ ശാഖയിലാണല്ലൊ ഈ ആറു പുസ്തകങ്ങളേയും കണ്ടതു്. പക്ഷെ ഉള്ളടക്കം നീക്കിനിർത്തിയാൽ, കെട്ടിലും മട്ടിലും ഇവയ്ക്ക് ബാലസാഹിത്യമാകാനുള്ള അർഹതയുണ്ടോ എന്ന് സംശയമത്രെ. 'മാണിക്യക്കല്ല്' 'തമ്മിൽ ഭേദം തൊമ്മൻ' തന്നെ. കുറെക്കൂടി തടിച്ച അക്ഷരത്തിൽ അച്ചടി വേണമെന്ന് തോന്നുന്നു.

ഒരു നല്ല വീട്ടമ്മയാവാൻ നോക്കു

സി. പി. സുഭദ്ര — കറൻറ് ബുക്സ്, തൃശ്ശൂർ. പേജ്: 56. വില: 80 ന.പൈ.

ഒരു സ്ത്രീയ്ക്ക് എങ്ങിനെ യഥാർത്ഥ കുടുംബിനിയാകാമെന്നതാണ് ഇതിലെ പ്രതിപാദ്യമെന്ന് തലക്കെട്ടുകൊണ്ടുതന്നെ തോന്നുമല്ലോ. എന്നാൽ ഇമ്മാതിരി പുസ്തകങ്ങളിൽ അവശ്യം വേണ്ടതായ വിഷയക്രമവൽക്കരണം ഇതിലുണ്ടോ എന്നു സംശയമാണ്. അപ്പോഴപ്പോഴായി എഴുതിയ ചില കുത്തുകൾ സമാഹരിച്ചതായി മാത്രമേ തോന്നു, പുസ്തകം മുഴുവൻ വായിച്ചു തീരുമ്പോൾ. അത്രമാത്രമേ ഉദ്ദേശ്യമുള്ളു എന്നു വാദിച്ചാലും ഇത്ര ഭ്രാമകമായ ശീർഷകം കൊടുക്കുന്നതു നന്നല്ലല്ലോ. ഒരു നല്ല ഗൃഹംണിയ്ക്കു് ഒരു വീട്ട് ഏററവും വലിയ സുഖവാസകേന്ദ്രമാക്കാം; അടുക്കള എങ്ങിനെ വൃത്തിയാക്കി വെയ്ക്കണം, വെയ്ക്കാം; മുലപ്പാൽ ധാരാളമായി ഉണ്ടാകാൻ മാർഗ്ഗമെന്തു്; ഭർത്താക്കന്മാരുടെ ഒപ്പം നടക്കണമെങ്കിൽ ഭാര്യമാർ എത്രത്തോളം സ്വയപരിശീലനം നൽകാനുണ്ട്; ഓണവും സ്ത്രീകളുമായി എത്രത്തോളമടുപ്പമുണ്ട്; സ്ത്രീപുരുഷന്മാർ തമ്മിൽ സാമ്പത്തികസമത്വം വേണമെന്ന വാദം എത്രത്തോളം പൊള്ളയാണ്; സ്ത്രീകൾക്ക് കുടിൽവ്യവസായത്തിൽ എങ്ങിനെ പങ്കാളിയാകാം; സാരി എത്രത്തോളം ആകർഷകമായ വസ്ത്രധാരണരീതിയാണ്—എന്നിങ്ങനെ പല സംഗതികളെയും ലേഖികതൂലികാസ്പർശം ചെയ്യിട്ടുണ്ട്. ശൈലി സരളവും സുന്ദരവുമാണ്.

പൂമ്പാററകൾ

കെ. എസ്. വേണുഗോപാൽ; നാഷണൽ ബുക്സ്റ്റാൾ, കോട്ടയം; പേജ്: 103. വില: 1ക.

"ലോകത്തിന്റെ നാനാഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന പത്തു രാജ്യങ്ങളിലെ ജനഹൃദയങ്ങളിൽ, നൂററാണ്ടുകളായി പറന്നു കളിയ്ക്കുന്ന പത്തു പൂമ്പാററകളെയാണ്, ഈ കൊച്ചു പുസ്തകത്തിലൂടെ, കേരളത്തിലെ കൊച്ചു സഹോദരന്മാക്ക്" ലേഖകൻ സമ്മാനിക്കുന്നതു്. ഓർ ഫ്യൂസിന്റെ ഗാനം (ഗ്രീക്ക്), ഇവാൻ രാജകുമാരനും ചെന്നായും (റഷ്യൻ), മിന്നാമിനുങ്ങുകൾ (ജപ്പാൻ), മാസ്റ്റർ തുങ്കോ (ചൈനീസ്), കൂനൻ (അറേബ്യൻ), ഉള്ളവനും ഇല്ലാത്തവനും (ജർമ്മൻ), പൂച്ചയും നായയും (കൊറിയൻ), കൂട്ടുകാർ (പോളിഷ്), ചുക്കപ്പട്ടപ്പുകാരൻ (ഐറിഷ്), കാക്ക (തിബ്ബത്തൻ)—എന്നീ പത്തു കഥകളാണ് ഇതിലെ ഉള്ളടക്കം. ഈ കഥകളെല്ലാം ഇംഗ്ലീഷിൽനിന്നുള്ള സ്വതന്ത്രവിവർത്തനങ്ങളാണ്. കഥകളുടെ തെരഞ്ഞെടുപ്പും കഥ പറയുന്നതിലുള്ള മനോഹര ശൈലിയും കാരണം ഈ പുസ്തകം കുട്ടികളെ ആകർഷിയ്ക്കാതിരിയ്ക്കില്ല. സോദ്ദേശ്യ കഥകളായതുകൊണ്ടു് ഈ പുസ്തകം ബാലസാഹിത്യശേഖരത്തില്ലേയ്ക്ക് ഒരു മുതൽക്കൂട്ടായിരിയ്ക്കും.

—പിൻ.

അഭിപ്രായത്തിനു കിട്ടിയ പുസ്തകങ്ങൾ

അരിമ്പാറ ദേവസ്യ: വേളൂർ കൃഷ്ണൻകുട്ടി; ചിതറിയ ചിത്രങ്ങൾ. സി. ബി. കുമാർ; ഇതു കേക്കാം പടിഞ്ഞാറ്: കെ. എക്സ്. ആന്റണി; വരന്മാരെ സൂക്ഷിക്കുവിൻ: എം. കെ. പവിത്രൻ & പി. ആർ. പിഷാരോടി. പ്രസാ: കെ. ആർ. ബ്രദേഴ്സ്, കോഴിക്കോട്ട്.

മൂലധനം: തോപ്പിൽ ഭാസി; ആളോഹരി: വൈക്കം ചന്ദ്രശേഖരൻ നായർ; ആ കനി തിന്നരുതു്: സി. എൻ. ശ്രീകണ്ഠൻനായർ; മതം ഏതായാലും മനുഷ്യൻ നന്നാകണം: പൊൻകുന്നം ദാമോദരൻ. പ്രസാ: എം. എസ്. ബുക്ക് ഡെപ്പോ, കൊല്ലം.

—

Jaya Keralam Apr 9, 1960 BR

ദൃഷ്ടിയിൽ ഒരു മിനുക്കുപണികൂടി നടത്തപ്പെടേണ്ടതായി തോന്നാവുന്ന ചില പദങ്ങളും പ്രയോഗങ്ങളും അങ്ങിങ്ങു കാണുകയുണ്ടായി. ചിലതെല്ലാം പ്രാദേശികങ്ങളായ പ്രയോഗരീതികളാണ്. അച്ചടിപ്പിശകുകൾ ഇതിൽ ഒട്ടുവളരെ കടന്നുകൂടിയിട്ടുണ്ട്. നിങ്ങൾ എഴുതിക്കൊടുത്തതല്ല പലപ്പോഴും നിങ്ങൾക്കു വായിക്കാൻ കിട്ടുക എന്നു വരുന്നതു വല്ലാത്തൊരു ദൗർഭാഗ്യം തന്നെയാണ്. പ്രസാധനം ഒരു കലയായി ഉയരണമെങ്കിൽ, നമ്മുടെ കമ്പോസിറ്റർമാരും പ്രൂഫ്റീഡർമാരും കൂടി തങ്ങളുടെ പങ്കു ശരിയായി നിറവേറ്റിയേ പററൂ.

ജി. കെ. എൻ.

നീലത്തട്ടവും വെളുത്ത പൂക്കളും

വിവർത്തകൻ: മാവേലിക്കര അച്യുതൻ

പേജ്: 91, വില: 1.00

പ്രസാധകർ: സാഹിത്യപരിഷത്സഹകരണസംഘം, എറണാകുളം.

പൊട്ടിച്ചിരിക്കുന്ന കഥകളെഴുതുന്ന ഒരു സാഹിത്യകാരന്റെ ജീവിതവുമായി കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു സ്ത്രീയുടെ കഥയാണ് ഈ കൊച്ചു പുസ്തകം. അവളുടെ ജീവിതം ആരംഭിച്ചതു്, അവളുടെ ഭാഷയിൽ തന്നെ പറഞ്ഞാൽ, ആ സാഹിത്യകാരനെ കണ്ടതു മുതൽ മാത്രമാണ്. അതിനു മുമ്പ് ഉള്ള ഒരൊററക്കാര്യവും അവൾ ഓർമ്മിക്കുന്നില്ല; ഓർമ്മിക്കത്തക്കതായിട്ടുമില്ല. പ്രേമത്തിന്റെ പ്രകാശവുമായി അയാൾ അവളുടെ ജീവിതത്തിലേക്കു കടന്നു ചെല്ലുകയാണുണ്ടായതു്. പുസ്തകമെഴുതുന്നവരെ എങ്ങിനെ ബഹുമാനിക്കാതിരിക്കും? ചുണയും ചുറുചുറുക്കുമുള്ള ഒരു സ്പോർട്ട്സ്മാന്റെയും പ്രഗാഢമായ പാണ്ഡിത്യവും അഗാധമായ ചിന്താശക്തിയുമുള്ള ഒരു സാഹിത്യകാരന്റെയും സരസമായ സമ്മേളനം അവൾ അയാളിൽ ദർശിച്ചു. അങ്ങിനെയുള്ള ആളിൽ അവളുടെ മനസ്സു ചെന്നുറച്ചതാണ് — അതു മുതൽ അവളുടെ ഇരുണ്ടിയ ജീവിതത്തിൽ വെളിച്ചം വീശി. ആശാഭരിതമെങ്കിലും ലജ്ജാധീനമായതും, വികാരതരളിതമെങ്കിലും ക്ഷമാപൂർണ്ണവും ആയ പ്രേമം — ഒരു പെൺകുട്ടിയുടെ അറിയപ്പെടാത്ത പ്രേമം — അതിനോടു കിടനില്ക്കുവാൻ ഈ ലോകത്തിൽ ഒന്നുമില്ല. നിർമ്മലഹൃദയരായ പെൺകൊടികളുടെ ആരാധനാശീലവും അനുരാഗലോലവുമായ ഹൃദയങ്ങളിലേ ശുദ്ധമായ പ്രേമം ഊറി നിറയുകയുള്ളു. അതു് ആ കലാകാരൻ കാണുകയുണ്ടായില്ല. കണ്ടിരുന്നെങ്കിൽ തന്നെ കണക്കാക്കിയില്ല. അതു മൂലം സംഭവിച്ച കടുത്ത ട്രാജഡിയുടെ കലാസുഭഗമായ കാവ്യമാണ് ഈ കഥയിൽ നിറപ്പകിട്ടോടെ രചിച്ചു കാട്ടിയിരിക്കുന്നതു്. ഹൃദയമുള്ള ആരെയും അതു് പിടിച്ചു കുലുക്കും. ആ തരുണിയുടെ പ്രേമം അന്ത്യനിമിഷം വരെയും അത്യന്തനൂതനവും പരിപാവനവുമാണ്. അങ്ങിനെ പ്രേമിക്കുവാൻ ഒരു സ്ത്രീക്കല്ലാതെ ആർക്കു സാധിക്കും?

വിവർത്തകനായ ശ്രീ. അച്യുതൻ സ്വീകരിച്ചിരിക്കുന്ന ഭാഷയെക്കുറിച്ചു് രണ്ടു വാക്ക്. ആരെയും ആകർഷിക്കുന്ന ലളിതമായ ഭാഷ; കഥയ്ക്കു് അനുരൂപമായ വിധത്തിൽ വികാരങ്ങളുടെ വേലിയേററം സൃഷ്ടിക്കുന്ന ഭാഷ; ആരും അതിൽ ആകൃഷ്ടരായിപ്പോകും. ഏതൊരു ഭാഷാസ്നേഹിയും വായിച്ചിരിക്കേണ്ട ഒരു പുസ്തകമാണിതു്. ഇനിയും ഇത്തരത്തിലുള്ള ഗ്രന്ഥങ്ങൾ തയ്യാറാക്കാൻ ശ്രീ. അച്യുതൻ തയ്യാറാകുമെന്നു വിശ്വസിക്കുന്നു. തർജ്ജമഗ്രന്ഥങ്ങളുടെ ഒരു പ്രളയം തന്നെയാണ് ഇന്നു നമ്മുടെ ഭാഷയിൽ. ആ ബഹളത്തിൽ ഇത്തരത്തിലുള്ള ഉത്തമഗ്രന്ഥങ്ങൾ വിഗണിക്കപ്പെടാതിരുന്നാൽ മതിയായിരുന്നു.

— കോന്നിയൂർ നരേന്ദ്രനാഥ്

"മോഹമേ നമുക്കന്യോന്യം ഉണ്ടാകാൻ പാടുള്ളൂ."

എന്റെ പ്രേമഭാജനത്തിന്റെ കത്തിന്നു് മറുപടി എഴുതാനും, ഈ തജ്ജിമയുടെ കട്ടിംഗ്സ് അയച്ചുകൊടുക്കാനും ഞാൻ തുനിഞ്ഞതാണു്. പക്ഷെ ഞാനോർത്തു: ഇനിമുതൽക്കു് ഞാൻ കത്തുകൾ അയയ്ക്കുന്നതു് ശരിയല്ല, എങ്കിലും ഞാനവൾക്കൊരു സന്ദേശമെഴുതി:

പ്രിയ സഹോദരീ,

"......ദാമ്പത്യജീവിതം എന്നും പനിനീർപ്പൂവിരിച്ചതായിക്കാണാൻ ഈയുള്ളവൻ ആഗ്രഹിക്കുന്നു. എല്ലാ നന്മകളും നിങ്ങളിൽ വർഷിക്കാൻ ദൈവം ദയാലുവായിത്തീരട്ടെ......"

ഒരിക്കലും ഉണ്ടാകാത്ത ചില ധൈര്യം എനിക്കിപ്പോൾ കൈവന്നിരിക്കുന്നു. ഒരു വാരിക തുറന്നുനോക്കി. വാരഫലം പരിശോധിച്ചു: തിരുവാതിരനക്ഷത്രം. കർക്കിടക്കൂറു്. ഈ ആഴ്ച ഈ നക്ഷത്രക്കാർക്കു് എല്ലാംകൊണ്ടും മികച്ചതാണു്. ആരോഗ്യസ്ഥിതി കൂടുതൽ നന്നാവും. വിചാരിച്ച കാര്യങ്ങൾ എല്ലാം നിറവേറും. വേണ്ടപ്പെട്ടവരുടെ സമാഗമം, ഭാര്യാസുഖം, ഔദ്യോഗികക്കയററം...... മുഴുവനും വായിക്കാനുള്ള ക്ഷമയുണ്ടായിരുന്നില്ല.

എന്റെ ജീവിതത്തിലെ ഏതാനും ചീത്തദിനങ്ങളുടെ (മരണത്തിന്റെ പിടിയിലമന്ന്) ആ നക്ഷത്രഫലം വായിച്ചപ്പോൾ ചിരിക്കാതിരിക്കാൻ വയ്യായിരുന്നു. പക്ഷേ ചിരിയ്ക്കാൻ വയ്യ. ഹൃദയംനിറയെ മുള്ളുകളാണു്. പുറമെ വസൂരിയും.

ദിവസം ചെല്ലുംതോറും ഞാൻ അനുഭവസമ്പന്നനായ്ത്തീരുകയാണു്. ഈ ഇരുപത്തിയാറുവയസ്സിലകത്തു് ഞാനെത്ര കണ്ണീർ കുടിച്ചു? എന്തെല്ലാം കേട്ടു; എന്തെല്ലാം അനുഭവിച്ചു.

നാളെ രണ്ടാമത്തെ കുളിയാണു്. വെളിച്ചപ്പാടു് വരും. നന്മ വരുത്തിക്കൊള്ളാമെന്നു് പ്രാർത്ഥിച്ചിട്ടുണ്ടത്രേ വീട്ടുകാർ. *നന്മ വരുത്താൻ വെളിച്ചപ്പാടിന്നു് പത്തേക്കാലുറുപ്പിക കൊടുക്കണം. പത്തേക്കാലുറുപ്പികയ്ക്കു ജീവിതത്തിൽ നന്മവരുത്താൻ കഴിയുമെങ്കിൽ അതൊരു വലിയ സിദ്ധിയാണു്.

പ്രിയപ്പെട്ട വെളിച്ചപ്പാടേ,

വസൂരിയുടെ പൊററയടൻവീഴാത്ത ഈ വിരൂപമായ ശരീരവും, ആ വിരൂപമായ ശരീരത്തിലെ കണ്ണീരുകൊണ്ടു നനഞ്ഞ ഹൃദയവും താങ്കളെ കാത്തിരിക്കുകയാണു്......താങ്കൾ വൈകാതെ വരില്ലേ?

---

* വസൂരിപിടിച്ചു കളിക്കുന്നവരെ അനുഗ്രഹിയ്ക്കാൻ വേണ്ടി ഭഗവതി പുറപ്പെട്ടു വരുന്നതിനെയാണു് നന്മവരുത്തുകയെന്നു് പറയുന്നതു്. തെക്കേമലബാറിൽ അങ്ങിനെ ഒരു ചടങ്ങുണ്ടു്.

——

<u>ഗ്രന്ഥവിഹാരം</u>

ഉണരുന്ന സംസ്കാരം

ഗ്രന്ഥകർത്താ: പ്രൊഫസർ കെ. സി. പീറ്റർ
എം. എ., എൽഎൽ. ബി.
പ്രസാധകന്മാർ: കറന്റ് ബുക്സ്,
തൃശ്ശൂർ വില: 2ക.

വിവിധവിഷയങ്ങളെ അധികരിച്ച എട്ടു ഉപന്യാസങ്ങളാണു് ഇതിലെ ഉള്ളടക്കം. യാത്രാസാഹിത്യം, ബാലസാഹിത്യം, ജീവചരിത്രസാഹിത്യം — ഇവ മൂന്നും സാഹിത്യപ്രധാനങ്ങളാണു്. പലതും പറഞ്ഞുകഴിഞ്ഞ പ്രമേയങ്ങളാണു ഇവയെന്നു വാദിക്കപ്പെട്ടേക്കാം. എങ്കിലും അതതു് വിഷയങ്ങളെപ്പററി അടിസ്ഥാനപരമായി ചിന്തിപ്പാനും അങ്ങനെ പ്രതിപാദ്യത്തിന്നു ആകപ്പാടെ ഒരു പുതുമ നല്കാനും മി. പീററർക്കു കഴിഞ്ഞിട്ടുണ്ടു്. സാമ്പത്തികശാസ്ത്രപഠനമെന്ന ലേഖനത്തിൽ പ്രസ്തുതശാസ്ത്രത്തിന്നു മനുഷ്യജീവിതത്തിന്റെ നാനാ തുറകളിലും എത്രത്തോളം സ്വാധീനശക്തിയുണ്ടെന്നു ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഈ ശാസ്ത്രത്തെ ഏതെല്ലാം വിധത്തിലാണു് സമീപിക്കേണ്ടതെന്നതിനെപ്പറ്റി ഗ്രന്ഥകാരനു് പ്രത്യേകം ചില അഭിപ്രായങ്ങളുണ്ടു്. ഈ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ മലയാളത്തിൽ നിലവിലുള്ള ധനശാസ്ത്രഗ്രന്ഥങ്ങളുടെ അപൂർണ്ണത വായനക്കാർക്കു തികച്ചും ബോധപ്പെടും. ഇത്തരമൊരു ഉപന്യാസത്തിൽ ബൂർഷ്വാധനശാസ്ത്രജ്ഞന്മാരുടെയും മാർക്സിസ്റ്റ് ധനശാസ്ത്രകാരന്മാരുടേയും ചിന്താഗതികൾ തമ്മിലുള്ള മൗലികമായ വ്യത്യാസവും അതിന്റെ ബലാബലവും ഈഷന്മാത്രമായെങ്കിലും നിരൂപണം ചെയ്യുന്നതു് അസ്ഥാനത്താകുമായിരുന്നില്ല. 'സാമ്പത്തികശാസ്ത്രപഠന'മെന്നാണല്ലോ തലക്കുറിപ്പു്. വാച്യമായിട്ടല്ലെങ്കിൽ വ്യംഗ്യമായിട്ടെങ്കിലും അദ്ദേഹത്തിന്റെ വാസ്സു് മാർക്സിസ്റ്റ് വീക്ഷണകോണത്തോടാണെന്നുള്ള വസ്തുത യൂറോപ്പിലെ നവോത്ഥാനത്തിനു അദ്ദേഹം നല്കിയ വ്യാഖ്യാനത്തിൽ നിന്നു ഗ്രഹിക്കാം. യാന്ത്രികവ്യവസായമാണു് യൂറോപ്പിലെ നവോത്ഥാനത്തിന്നു മാർഗ്ഗദർശനം ചെയ്തതെന്നാണു് ബൂർഷ്വാ ധനശാസ്ത്രചിന്തകന്മാരുടെ അഭിപ്രായം. മി. പീറ്ററാകട്ടെ കുരിശുയുദ്ധത്തെത്തുടൎന്നു യൂറോപ്പും ഏഷ്യയും തമ്മിലുള്ള ബന്ധം ശിഥിലമായിത്തീൎന്നതാണു് യൂറോപ്യൻ നവോത്ഥാനത്തിന്നു കാരണമായിത്തീൎന്നതെന്നു് അഭിപ്രായപ്പെടുന്നു. ചിന്താർഹമാണു് ഈ നിഗമനം.

കോളേജുവിദ്യാഭ്യാസത്തെപ്പററിയുള്ള ഉപന്യാസം അനുഭവജ്ഞാനത്തിന്റെ ആസ്വാദ്യതകൂടി ഉൾച്ചേൎന്നതാണു്. ഗ്രന്ഥകാരൻ നല്കുന്ന പ്രായോഗിക നിൎദ്ദേശങ്ങൾ — അവ എണ്ണത്തിൽ പത്തുണ്ടു് — നമ്മുടെ വിദ്യാഭ്യാസചിന്തകന്മാരുടെ ശ്രദ്ധയിൽ പെടേണ്ടവയാണു്. കോളേജു വിദ്യാഭ്യാസത്തിലെ കൊള്ളരുതായ്മകളെപ്പററി നമുക്കു വളരെയധികം പറവാനുണ്ടു്. വിദ്യാൎത്ഥികളുടെ ഇടയിൽ ഇന്നു സാൎവ്വത്രികമായിത്തീൎന്നിട്ടുള്ള അച്ചടക്കമില്ലായ്മയും മററും നമ്മിൽ പലരും കരുന്നതുപോലെ കോളേജിന്റെ അന്തരീക്ഷത്തിൽ മാത്രം യാദൃച്ഛികമായി മുളച്ചുണ്ടാകുന്നവയോ വിദ്യാൎത്ഥികളെ മാത്രം ബാധിക്കുന്നവയോ അല്ല. അദ്ധ്യാപകന്മാർ, പാഠ്യവിഷയങ്ങൾ, അദ്ധ്യാപനസമ്പ്രദായം, പരീക്ഷ തുടങ്ങിയ പല പ്രമേയങ്ങളുടേയും പാരിണാമികഫലമാണു് ഈ അനാശാസ്യതകൾ. പ്രൈമറി വിദ്യാഭ്യാസം മുതൽക്കു തന്നെ കുട്ടികളിൽ ഭാവിയിലെ അനാശാസ്യതകൾ കരുപ്പിടിച്ചുണ്ടാകുന്നുണ്ടെന്നും അതിനാൽ പരിഷ്ക്കരണമോ പ്രതിവിധിയോ പ്രൈമറി വിദ്യാലയങ്ങളിൽ വെച്ചു തന്നെ ആരംഭിക്കേണ്ടതുണ്ടെന്നുമാണു് പീററരുടെ അഭിപ്രായം.

പാശ്ചാത്യമാതൃകയിലുള്ള എസ്സേയുടെ ഒരു മികച്ച ഉദാഹരണമാണു്. 'പുരുഷനല്ല സ്ത്രീക്കാണു് മേന്മ' എന്ന ഉപന്യാസം. ഗ്രന്ഥകാരന്റെ വ്യക്തിത്വത്തിലടങ്ങിയ നൎമ്മബോധം കൂടുതൽ പ്രകാശിക്കുന്നതും ഇതിൽ തന്നെയാണു്. ജീവശാസ്ത്രപരമായും മനശ്ശാസ്ത്രപരമായും ഉള്ള സിദ്ധാന്തങ്ങളിലൂടെ ഗ്രന്ഥകാരനൊപ്പം സഞ്ചരിക്കുന്നതു് വായനക്കാർക്കു് നിശ്ചയമായും ആനന്ദകരമായിരിക്കും. ഇതു പോലെതന്നെ രസാവഹമാണു് രാഷ്ട്രമീമാംസാ പ്രധാനമായ 'ജനാധിപത്യത്തിന്റെ ജീവവായു' എന്ന ലേഖനവും. ജനായത്തഭരണത്തിന്റെ അടിസ്ഥാനതത്വം നിയന്ത്രിതമായ സ്വാതന്ത്ര്യമാണെന്നു സമൎത്ഥിച്ച ശേഷം ഇതിൽ ഇന്ത്യൻ ഭരണഘടനയുടെ പ്രത്യേകതകളെപ്പററി പരാമൎശിക്കുന്നു. 'ഗാന്ധിജിക്കു എന്റെ അഭിവാദ്യങ്ങൾ' എന്ന അട്ടത്തതും അവസാനത്തെതുമായ ലേഖനം ഗാന്ധിജിയുടെ ത്രികരണങ്ങളിലേക്കു സുദൂരം ഇറങ്ങിച്ചെല്ലാൻ കൈത്തിരി കാണിക്കുന്ന ഒന്നാണു്. ചെറുതെങ്കിലും ചേലാൎന്ന ഒരു പഠനമായിട്ടുണ്ടു് ഈ പ്രപഞ്ചം.

ലേഖനങ്ങളെപ്പററി തനിക്കു പറവാനുള്ള സംഗതികൾ പുസ്തകത്തിന്റെ അവസാനത്തിൽ അനുബന്ധമായി ഗ്രന്ഥകാരൻ സംഗ്രഹരൂപത്തിൽ ചേൎത്തിട്ടുള്ളതു് മിക്കവാറും ഒരധികപ്പററു തന്നെയാണു്. വായനക്കാർ സ്വയം ഗ്രഹിപ്പാനിടയുള്ള വസ്തുതകൾ മാത്രമേ ഗ്രന്ഥകൎത്താവിന്നു അതിൽ ചൂണ്ടിക്കാണിപ്പാനുള്ളൂ.

വിഷയങ്ങൾ നല്ല പോലെ പഠിച്ചും ചിന്തിച്ചും എഴുതപ്പെട്ട ഈ ഉപന്യാസങ്ങൾക്കു കലാപരമായ മേന്മയും ഒട്ടും കുറവല്ല.

— ജി. കെ. എൻ.

നെടുവീപ്പ്

ഗ്രന്ഥകൎത്താവു്: സി. എ. കിട്ടുണ്ണി
വിതരണം: നാഷനൽ ബുക്സ്റ്റാൾ
പേജ്: 304. വില: 3.50

ആത്മകഥകൊണ്ടു് ഒരു നോവൽ മെനഞ്ഞെടുക്കുകയെന്നുള്ളതു് പല കാരണങ്ങളാൽ വിഷമമേറിയ സംഗതിയാണു്. ജീവിതയാഥാൎത്ഥ്യങ്ങളിൽ നിന്നു് അധികം പ്രചോദനം സിദ്ധിച്ചു് ഒരു നോവൽ എഴുതുന്നതിനു് ഒരു കഥാകൃത്തു് ശ്രമിക്കുമ്പോൾ കഥാകാരന്റെ കഴിവും ആവശ്യവും ലക്ഷ്യവും അനുസരിച്ചു് കഥയുടെ ആകപ്പാടെയുള്ള രൂ

പത്തിലും സംഭവങ്ങളുടെ അവതരണത്തിലും കഥാപാത്രസൃഷ്ടിയിലും ആവശ്യമെന്നു് അയാൾക്കു തോന്നുന്ന കാര്യങ്ങളൊക്കെ അസ്വാതന്ത്ര്യം അധികമില്ലാതെ ചെയ്യുന്നതിന്നുള്ള അവസരമുണ്ടു്. എന്നാൽ ആത്മകഥയെ ആശ്രയിച്ചു് നോവൽ നിർമ്മിക്കുമ്പോൾ പരാധീനതകൾ വളരെയുണ്ടായിരിക്കും. ഒന്നാമതു് കഥ തന്നെ നടന്നു കഴിഞ്ഞതാണു്; കഥാപാത്രങ്ങളെല്ലാം അവരുടെ പങ്കു് നിർവ്വഹിച്ചു കഴിഞ്ഞവരാണു്. പുതിയ സൃഷ്ടിയല്ല; പഴയതിൻെറ പുനർനിർമ്മാണമാണു് ഇവിടെ ഗ്രന്ഥകാരനു് നടത്താനുള്ളതു്. യാഥാർത്ഥ്യങ്ങളിൽ നിന്നു് അയാൾക്കു് അധികം നീങ്ങിപ്പോകുന്നതിനു് കഴിവില്ല. ആ കഥയിലെ ഏററവും പ്രധാനപ്പെട്ട കഥാപാത്രം അയാളാണു്. ആ വിധത്തിൽ അയാളെ അരങ്ങത്തു് നിർത്തേണ്ടതും അയാൾ തന്നെ. ഒരേ സമയത്തു് അഭിനയക്കാരനായും പ്രേക്ഷകനായും അയാൾക്കു നില്ക്കേണ്ടി വരുന്നു; അയാൾ അരങ്ങത്തു് അഭിനയിക്കുന്നതു് അയാൾ തന്നെ കാണണം; കണ്ടാൽ മാത്രം പോരാ അന്യർക്കു് ആസ്വദിക്കത്തക്കവണ്ണം അതു് എടുത്തു കാണിക്കുകയും വേണം. ജീവിതപുരോഗതിയിൽ മാറി മാറി അരങ്ങേറുന്ന സംഭവപരമ്പരയിൽക്കൂടി അയാളുടെ സ്വത്വവിശേഷം (Personality) വളരുന്നതും വ്യക്തമാകുന്നതും എങ്ങിനെയെന്നു് വായനക്കാരനു് അതിൽ നിന്നു് ബോധ്യമാകണം. ഇങ്ങിനെ പലതും ആത്മകഥാപരമായ നോവലിൽ ഉണ്ടായിരുന്നേ മതിയാവൂ അതു് ഒരു വിജയമാകാൻ.

ശ്രീ. കിട്ടുണ്ണിയുടെ 'നെട്ടവീർപ്പ്' എന്ന പുസ്തകം വായിച്ചപ്പോൾ തോന്നിയ ചില ചിന്തകളാണു് മുകളിൽ കുറിച്ചതു്. നിരവധി കൃതികളുടെ കർത്താവായ അദ്ദേഹത്തിന്റെ ഈ കൃതി വളരെയധികം പ്രതീക്ഷകളോടുകൂടിയാണു് ഞാൻ വായിച്ചു തുടങ്ങിയതു്. മലയാളത്തെ സംബന്ധിച്ചിടത്തോളം ഒരു പുതിയ സരണി സമുൽഘാടനം ചെയ്യുവാൻ ഉള്ള അദ്ദേഹത്തിൻെറ ശ്രമം എങ്ങിനെയിരിക്കുന്നു എന്നുള്ളതറിയുന്നതിനായിരുന്നു എന്റെ ശ്രദ്ധ. രസകരങ്ങളായ സംഭവങ്ങൾ ഈ ഗ്രന്ഥത്തിൽ ധാരാളമുണ്ടു്. അവിസ്മരണീയങ്ങളായ രംഗങ്ങളും ഇല്ലാതില്ല. എന്നാൽ ഒരു നോവൽ എന്ന നിലയിൽ ഇതൊരു വിജയമല്ല! ഒരു നോവലിലെ സംഭവങ്ങൾക്കുണ്ടായിരിക്കേണ്ട പരസ്പരബന്ധങ്ങളൊന്നും ഇതിലില്ല. സംഭവങ്ങൾ വഴിപ്രകടമാക്കുന്ന സ്വഭാവചിത്രീകരണങ്ങളുമില്ല. ഇതു വായിച്ചുതീർക്കുമ്പോൾ നമ്മുടെ മനസ്സിൽ തങ്ങി നില്ക്കുന്നതു് കൃഷ്ണൻകുട്ടിയുടെ മാതാവിൻെറ ചിത്രം മാത്രമാണു്. കൃഷ്ണൻകുട്ടിപോലും മങ്ങി, മങ്ങി നിഴൽ പോലെ, നില്ക്കുന്ന ഒരു രൂപമായിട്ടു തോന്നു. സംഭവങ്ങളോടൊപ്പം അയാൾക്കു് ഒരു വളർച്ചയും കഥയിലില്ല. അയാൾ എല്ലാ സംഭവങ്ങളിലും ഉണ്ടു താനും. ബാല്യകാല സംഭവങ്ങൾ വിശദമാക്കുമ്പോഴും ഇപ്പോഴത്തെ കൃഷ്ണൻകുട്ടി ഇടയ്ക്കിടയ്ക്കു് കയറി പറയുന്നതുകൊണ്ടായിരിക്കണം അക്കാലത്തിൻെറ പശ്ചാത്തലം നിലനിർത്തുവാൻ കഴിയാതെ പോയതു്. ഒരു നോവൽ എന്ന നിലയിൽ നോക്കുമ്പോൾ ഇതിനു് ഇങ്ങനെ പല പാകപ്പിഴകളും പറയാനുണ്ടു് എന്നു മാത്രം പറഞ്ഞു് നിർത്തുന്നു.

സാധാരണ ആത്മകഥകളിൽ പ്രതിപാദിക്കാറുള്ള കാര്യങ്ങളൊക്കെ ഇതിലും നമുക്കു കാണാം. ഈ ഗ്രന്ഥത്തെ ആ വിധത്തിൽ അവതരിപ്പിച്ചിരുന്നു എങ്കിൽ മുകളിൽ സൂചിപ്പിച്ച പരാതികളൊന്നും പറയേണ്ടിവരുകയില്ലായിരുന്നു. ഈ കൃതിയ്ക്കു് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വച്ചു തിട്ടപ്പെടുത്തിയാൽ മലയാളത്തിലുണ്ടായിട്ടുള്ള ഒട്ടുമുക്കാലും ആത്മകഥകൾ ആത്മകഥാനോവലുകളായിത്തീരും.

— കോന്നിയൂർ നരേന്ദ്രനാഥ്

അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ

മനുഷ്യരും എലികളും: ജോൺ സ്റ്റീൻബെക്ക്; സ്വാതന്ത്ര്യവും സംസ്കാരവും: ഡോക്ടർ രാധാകൃഷ്ണൻ, ഭീഷ്മർ: പി. എം. കുമാരൻനായർ; പുലിവാല്: കുഞ്ഞുണ്ണി; പ്രസാ: പി. കെ. ബ്രദേർസ്, കോഴിക്കോട്.

ജനാധിപത്യം ലോകരാഷ്ട്രീയത്തിൽ: ലെസ്റ്റർ ബി. പിയർസൺ; ആസാദ് പ്രിന്റേർസ്, എറണാകുളം.

DRAVIDIAN COGANATES- Published by The University of Madras, Chepauk, Madras.

ശംഖ്നാദം: പത്രാധിപർ: എസ്. പി. നായർ, ഗുരുവായൂരപ്പൻ പബ്ളിക്കേഷൻസ് ലിമിററഡ്, ഗുരുവായൂർ.

ദേശബന്ധു ചിത്രവാരിക: പത്രാധിപന്മാർ: സി. എൻ. ശ്രീകണ്ഠൻനായർ, എൻ. പി. ചെല്ലപ്പൻനായർ; സ്വരാജ് ഇൻഡസ്ട്രീസ് പ്രൈവററ് ലിമിറ്റഡ്, കോട്ടയം.

മലയാളരാജ്യം വിശേഷാൽപ്രതി (1960). പത്രാധിപർ: എൻ. ചന്ദ്രശേഖരൻനായർ, ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.

ദീനബന്ധു വിശേഷാൽപ്രതി (1960). പത്രാധിപർ: എ. പി. ഉദയഭാനു, ഡമോക്രാറ്റിക് പബ്ളിക്കേഷൻസ് ലിമിറ്റഡ്, എറണാകുളം.

വെള്ളത്തുവാല: ഈ. വി. ജി. പ്രസാ: കേരളാ ബുക്ക്ഹൌസ്, കൊട്ടങ്ങല്ലൂർ.